VOL NO: 09
ISSUE 19
2025 MAY 10
₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

■ ലിബറൽ കാപട്യവും ഇസ്‌ലാമിക പരിഹാരവും

# ജാതി സെൻസസിന്റെ രാഷ്ട്രീയം; പരിണിതിയും

പിന്നാക്ക അവകാശങ്ങൾക്ക് മീതെ 'സവർണ സിംഹാസന'മിട്ടാണ് കാലങ്ങളായി വലതുപക്ഷ രാഷ്ട്രീയം വിരാജിക്കുന്നത്. അതുകൊണ്ട് തന്നെ സാമൂഹ്യനീതിക്കും സംവരണ തത്ത്വങ്ങൾക്കുമെതിരായ മനുവാദ ഹിന്ദുത്വ രാഷ്ട്രീയം ജാതി സെൻസസിനെ എന്നും ഭയപ്പെടുകയും പരസ്യമായി എതിർക്കുകയും ചെയ്തിരുന്നു. പ്രതികരണങ്ങളും പ്രതിഷേധങ്ങളും പ്രതിരോധിക്കാനാവാതെ സ്വീകരിച്ച പുതിയ നിലപാട് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

**നിർഭയത്വത്തോടെ ജീവിക്കാൻ...**
**ജനങ്ങൾക്ക് സിഹ്ർ പഠിപ്പിച്ചതാര്?**
**പ്രശസ്തിക്കു പിന്നാലെ പായുന്നവരോട്**




ഹജ്ജ്, ഉംറ എന്നിവയുടെ രൂപം
ലളിതമായി ചിത്ര സഹിതം
Zameel ആപ്പിൽ ലഭ്യമാണ്..!
ഉംറയുടെ രൂപം
zameel
the soulmate
Reading Time: 4 mins
ഉംറയുടെ രൂപം
THE KA'ABA
ഉംറയുടെ റുക്നുകൾ
ഇഹ്റാം
വാജിബുകൾ
zameel
the soulmate
Download Zameel
Available on the App Store
GET IT ON Google Play

433
നേർപഥം
വാരിക

2025 മെയ് 10
1446 ദുൽഖഅദ് 12
പുസ്തകം 09 / ലക്കം 19




Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**




മുജീബ് ഒട്ടുമ്മൽ

പിന്നാക്ക അവകാശങ്ങൾക്ക് മീതെ 'സവർണ സിംഹാസന'മിട്ടാണ് കാലങ്ങളായി വലതുപക്ഷ രാഷ്ട്രീയം വിരാജിക്കുന്നത്. അതുകൊണ്ട് തന്നെ സാമൂഹ്യനീതിക്കും സംവരണ തത്ത്വങ്ങൾക്കുമെതിരായ മനുവാദ ഹിന്ദുത്വ രാഷ്ട്രീയം ജാതി സെൻസസിനെ എന്നും ഭയപ്പെടുകയും പരസ്യമായി എതിർക്കുകയും ചെയ്തിരുന്നു. പ്രതികരണങ്ങളും പ്രതിഷേധങ്ങളും പ്രതിരോധിക്കാനാവാതെ സ്വീകരിച്ച പുതിയ നിലപാട് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

**05** മുഖമൊഴി
നിർഭയത്വത്തോടെ ജീവിക്കാൻ...

**06** ലേഖനം
ജനങ്ങൾക്ക് സിഹ്ർ പഠിപ്പിച്ചതാര്?
അൻവർ അബൂബക്കർ

**09** കാഴ്ച
ജോലി തേടിയെത്തിയ പയ്യൻ
ഇബ്നു അലി, എടത്തനാട്ടുകര

**17** കവിത
തൂലികയോട്!
നസീമ വാടാനപ്പള്ളി

**18** ലേഖനം
ലിബറൽ കാപട്യവും ഇസ്‌ലാമിക പരിഹാരവും
റോഷൻ പുനലൂർ

**22** പുതുനാമ്പുകൾ
അവർ അന്ധരും ബധിരരും മൂകരുമാണ്
സഫ അശ്‌റഫ് പുഴക്കാട്ടിരി

**24** കർമപഥം
എന്താണ് വക്വ്ഫ് ?
വിവ: അബ്ദുൽ ജബ്ബാർ മദീനി

**26** പഠനം
നബി(സ്വ)യുടെ നമസ്‌കാരം;
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**31** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅ്ദി
സൂറതുലുക്വ്മാൻ
അബ്ദുർറഹ്‌മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** ബാലപഥം
നല്ലവരാകാം
കുഞ്ഞിമുഹമ്മദ് കെ, നെല്ലിക്കാപറമ്പ്

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പീസ് റേഡിയോ ലിസണേഴ്സ് കോൺഫറൻസിന് ഉജ്വല സമാപനം

പാലക്കാട്: കോട്ടമൈതാനിയിൽ രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച പീസ് റേഡിയോ ലിസണേഴ്സ് കോൺഫറൻസ് പ്രൗഢമായി. ഒന്നാം ദിവസം പീസ് റേഡിയോയിലെ വിവിധ പ്രോഗ്രാമുകളുടെ ലൈവ് സെഷനുകൾ അവതരിപ്പിച്ചു. വിശുദ്ധ ക്വുർആൻ ദൈവികമാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ക്വുർആനിക വചനങ്ങളുടെ പാരായണവും ആശയ സംഗ്രഹവും കൂടി ഉൾപ്പെടുത്തി നടത്തിയ 'മധുരം ക്വുർആൻ' സെഷനോടുകൂടിയാണ് പ്രോഗ്രാം ആരംഭിച്ചത്.

സമീർ മുണ്ടേരി, ഹാഫിദ് ആദിൽ ബിൻ ഫത്താഹ്, ഹാഫിദ് അബ്ദുൽ വാസിഹ് എന്നിവർ നേതൃത്വം നൽകി. ആത്മീയമായ അറിവ് നേടുന്നതിന്റെ പ്രാധാന്യവും പുണ്യവും സംബന്ധിച്ച് ജില്ലാ സെക്രട്ടറി റഷീദ് കൊടക്കാട്ട് ഹ്രസ്വ പ്രഭാഷണം നടത്തി.

അതിഥികളായി പാലക്കാട് എം.എൽ.എ. രാഹുൽ മാങ്കൂട്ടത്തിൽ, മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയും ജില്ലാപഞ്ചായത്ത് മെമ്പറുമായ ഗഫൂർ കോൽക്കളത്തിൽ എന്നിവർ പങ്കെടുത്തു. രാഷ്ട്രത്തിന്റെ ബഹുസ്വരതയെ തകർക്കാൻ നടക്കുന്ന ശ്രമങ്ങളെ ചെറുത്തു തോൽപിക്കുവാനും ലഹരിയുൾപ്പെടെയുള്ള സാമൂഹ്യ വിപത്തുകൾക്കെതിരെ പോരാടുവാനും എല്ലാവരും ഒന്നിച്ചു നിൽക്കണമെന്ന് അതിഥികൾ ആഹ്വാനം ചെയ്തു.

മെയ് 11ന് പെരിന്തൽമണ്ണയിൽ വെച്ച് നടക്കുന്ന കേരള സ്റ്റുഡന്റ്സ് കോൺഫറൻസ് നഗരിയിൽ മെയ് 6 മുതൽ ആരംഭിക്കുന്ന സൊലൂഷൻ എക്സിബിഷൻ ഇവന്റ് ബ്രോഷർ അതിഥികൾ ചേർന്ന് പ്രകാശനം നിർവഹിച്ചു.

വേദിയിലെ ഓരോ പ്രോഗ്രാമും പരസ്പരം കോർത്തിണക്കിയും പീസ് റേഡിയോയിൽ നടന്നുവരുന്ന വിവിധ പ്രോഗ്രാമുകളെ പരിചയപ്പെടുത്തിയും റേഡിയോയിലെ വ്യത്യസ്ത ഫീച്ചറുകളെ കുറിച്ചും ഒപ്പം സദസ്സിനെ സജീവമാക്കി നടന്ന വിവിധ മത്സരങ്ങളും സമ്മാനവിതരണവും ശ്രോതാക്കൾക്ക് നവ്യാനുഭവമായി.

പീസ് റേഡിയോ ഡയറക്ടർ താജുദ്ദീൻ സ്വലാഹി, കോഴ്സ് കോർഡിനേറ്റർ അബ്ദുറഹ്മാൻ ചുങ്കത്തറ എന്നിവരായിരുന്നു ആങ്കർമാർ. സംഗീതമില്ലാത്ത ആസ്വാദനവുമായി 'സ്വരം' സെഷനിൽ സാജിദ് പുതുനഗരം, നിഹാദ് എം.സി.സി, ശരീഫ് വാളംകുളം എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു.

തുടർന്ന് വേദിയിൽ നടന്ന 'സ്നേഹക്കൂട്' ലൈവ് പ്രോഗ്രാം സമകാലിക സാഹചര്യത്തിൽ രക്ഷിതാക്കൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദിയായി. ലഹരി, സ്ക്രീൻ അഡിക്ഷൻ, പാരന്റിംഗ്, പ്രണയം തുടങ്ങിയ വിഷയങ്ങളിൽ സദസ്യരുടെ ആശങ്കകൾക്ക് വിസ്ഡം ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ടി.കെ.നിഷാദ് സലഫി എന്നിവർ പരിഹാരങ്ങൾ നിർദേശിച്ചു.

വിദ്യാർഥി തലമുറ ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധികളും കാരണങ്ങളും വിശകലനം ചെയ്ത 'ടോക്ക് ഷോ' മതവിരുദ്ധതയുടെയും ലിബറൽ ചിന്താഗതികളുടെയും അപകടങ്ങളെ തുറന്നു കാണിക്കുന്നതായിരുന്നു. റേഡിയോയിലെ വിവിധ പ്രോഗ്രാം അവതാരകരായ നുസ്ഹാൻ രണ്ടത്താണി, ഷംജാസ് കെ അബ്ബാസ്, ഹിലാൽ സലീം സി.പി. എന്നിവർ നേതൃത്വം നൽകി.

ജീവിത ലക്ഷ്യത്തെ കുറിച്ചും ലക്ഷ്യം നേടാൻ വിശ്വാസികൾ മുറുകെ പിടിക്കേണ്ട കളങ്കമില്ലാത്ത വിശ്വാസ കാര്യങ്ങളെ കുറിച്ചും പ്രതിപാദിച്ചുകൊണ്ട് നടന്ന, ശിഹാബ് എടക്കരയുടെ പ്രൗഢമായ സമാപന ഭാഷണത്തോടെ കോൺഫറൻസിന് തിരശ്ശീല വീണു.

കേരളത്തിലെ വിവിധ ജില്ലകളിൽ തുടർന്നും നടക്കാനിരിക്കുന്ന ലിസണേഴ്സ് കോൺഫറൻസിന്റെ ആദ്യ പതിപ്പാണ് പാലക്കാട്ട് നടന്നത്. കോൺഫറൻസ് നഗരിയിൽ സജ്ജീകരിച്ച പുസ്തകമേള, വിഷൻ ഗാലറി, സൊലൂഷൻ ഡസ്ക്, കിഡ്സ് ഓഡീഷൻ, ലിസണേഴ്സ് കോർണർ, ഡിജി ഹബ്, വിവിധ മെറ്റീരിയലുകളടങ്ങിയ പ്രൊമോഷൻ കൗണ്ടർ, ചായമക്കാനി തുടങ്ങിയവയും ലിസണേഴ്സ് കോൺഫറൻസിനെ സവിശേഷമാക്കി.

# നിർഭയത്വത്തോടെ ജീവിക്കാൻ...

ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിൽ ഒന്നാമത്തേതാണല്ലോ അല്ലാഹുവിലുള്ള വിശ്വാസം. അത് കേവലമായ വിശ്വാസത്തിൽ ഒതുക്കേണ്ടതല്ല. അവന്റെ ഏകത്വത്തിലുള്ള ഉള്ളറിഞ്ഞ ദൃഢബോധം, അവൻ അനാദിയും അനന്തനും പ്രപഞ്ച സ്രഷ്ടാവും വിധാതാവും പരിപാലകനുമാണ് എന്ന അറിവും ഓർമയും, തനിക്ക് ജന്മവും ജീവിതവും മരണവും സുഖവും ദുഃഖവും രോഗവും ആരോഗ്യവും ക്ഷേമവും ക്ഷാമവും ആപത്തും അനുഗ്രഹവുമെല്ലാം നൽകുന്നത് ഏകനായ അല്ലാഹുവാണെന്ന നിതാന്ത ബോധവും വിശ്വാസിക്കുണ്ടായിരിക്കണം. അപ്പോൾ അവന്റെയുള്ളിൽ ശുഭപ്രതീക്ഷ വളരും. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുവാനുള്ള അടങ്ങാത്ത താൽപര്യവുമുണ്ടായിത്തീരും. അതവനെ കർമനിരതനാക്കും. ദുരിതഘട്ടത്തിൽ അവൻ നിരാശനാകില്ല. അല്ലാഹുവിനോട് മാത്രം അവൻ വിളിച്ചുപ്രാർഥിക്കും. തന്റെ കാര്യത്തിൽ അല്ലാഹു നിശ്ചയിച്ചുവെച്ചതിനപ്പുറം യാതൊന്നും സംഭവിക്കില്ലെന്ന ബോധം അവനിൽ ദൃഢമാകും. അത് ധൈര്യവും പ്രത്യാശയും നൽകും. അത്തരക്കാർക്ക് പ്രയാസഘട്ടങ്ങളിൽ പരിഭ്രാന്തിയുണ്ടാകില്ല. ആലസ്യവും നൈരാശ്യവും അവരെ പൊതിയുകയില്ല. ജീവസ്സുറ്റ, കർമനിരതമായ, അന്തസ്സും നിർഭയത്വവുമുള്ള വിഭാഗമാകും അവർ.

നബി(സ്വ)യും അബൂബക്‌റും(റ) ഹിജ്‌റയുടെ വേളയിൽ ഒളിച്ചിരുന്ന സൗർ ഗുഹയുടെ അടുത്തെത്തിയ ശത്രുക്കൾക്ക് ഗുഹയിലേക്കൊന്ന് പാളിനോക്കാൻ തോന്നിയില്ല. നോക്കിയാൽ അവരെ കണ്ടെത്തിയേനെ. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, അവനിലുള്ള തവക്കുൽ അവരെ രക്ഷിച്ചു. സ്രഷ്ടാവിൽ ഭരമേൽപിച്ചവർ പിന്നെന്തു ഭയപ്പെടാൻ!

അല്ലാഹുവിൽ ഭരമേൽപിക്കാത്തവർക്ക് നിരാശയായിരിക്കും ആത്യന്തിക ഫലം. ഭയം അവരെ വലയം ചെയ്തിരിക്കും. അപകർഷതാബോധവും കർമവൈമുഖ്യവും അവരെ പിന്തുടർന്നുകൊണ്ടിരിക്കും. അതുകൊണ്ടു തന്നെ വിശുദ്ധ ക്വുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിൽ ഭരമേൽപിക്കാനുള്ള കൽപന കാണാം.

“അല്ലാഹുവെ പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് വിശ്വാസികൾ” (8:2).

അനസി(റ)ൽനിന്ന് നിവേദനം; നബി(സ്വ) പറഞ്ഞു: “ആരെങ്കിലും തന്റെ വീട്ടിൽനിന്ന് പുറപ്പെടുമ്പോൾ ‘അല്ലാഹുവിന്റെ നാമത്തിൽ. ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിൽനിന്നല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല’ എന്നു പറഞ്ഞാൽ (മലക്കുകൾ വഴി) പറയപ്പെടും: ‘നീ സന്മാർഗം പ്രാപിച്ചിരിക്കുന്നു. നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.’ പിശാച് അവനിൽനിന്ന് അകന്നു പോകുകയും ചെയ്യും” (അബൂദാവൂദ്, തിർമുദി).

ഇഹലോകത്തെയും പരലോകത്തെയും കാര്യങ്ങളിൽ പെട്ട നന്മകൾ കിട്ടാനും തിന്മകൾ തടുക്കാനും സത്യസന്ധമായി അല്ലാഹുവിനെആശ്രയിക്കലാണ് തവക്കുൽ. കാര്യങ്ങൾ മുഴുവൻ അല്ലാഹുവിൽ ഭരമേൽപിക്കലും അല്ലാഹുവല്ലാതെ നൽകുന്നവനോ തടയുന്നവനോ ഇല്ലെന്നും ഉപകാരമോ ഉപദ്രവമോ വരുത്തുകയില്ലെന്നുമുള്ള വിശ്വാസം യാഥാർഥ്യമാക്കലുമാണത്. ■

അൻവർ അബൂബക്കർ

# ജനങ്ങൾക്ക് സിഹ്ർ പഠിപ്പിച്ചതാര്?



സുലൈമാൻ നബി(അ)ക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങളെ തെറ്റായി സമൂഹത്തിൽ ചിത്രീകരിച്ച പിശാചുക്കൾ ആ മഹാനായ പ്രവാചകനെ സിഹ്റിന്റെ പ്രചാരകനും മാന്ത്രികവിദ്യ അഭ്യസിച്ചവനുമായി പരിചയപ്പെടുത്തി. പിശാചുക്കളുടെ ഈ കുപ്രചരണം ഗൗരവമുള്ളതും വ്യക്തത വരുത്തേണ്ടതുമായ തിനാൽ അല്ലാഹു തന്നെ അതിനെ ശക്തമായി ഖണ്ഡിച്ചുകൊണ്ട് പറഞ്ഞു:

"സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് സിഹ്ർ പഠിപ്പിച്ചുകൊണ്ട് പിശാചുക്കളാണ് അവിശ്വസിച്ചത്" (അൽബക്വറ 102).

പ്രമുഖ ക്വുർആൻ വ്യാഖ്യാതാവായ ഇമാം ക്വുർതുബി എഴുതി: "ആയത്തിൽ സിഹ്റിനെയും അത് പഠിപ്പിക്കുന്നതിനെയും സംബന്ധിച്ചു പരാമർശിച്ചതിൽനിന്നും മനസ്സിലാകുന്നത് സിഹ്റിന് യാഥാർഥ്യമില്ലെങ്കിൽ അത് പഠിക്കുവാൻ സാധ്യമല്ല എന്നതാണ്. അതുപോലെതന്നെ അവർ ജനങ്ങളെ അത് പഠിപ്പിക്കുന്നു എന്നും

> പ്രവാചകൻ(സ്വ) രണ്ടാമതായി എടുത്തുപറഞ്ഞ വൻപാപം സിഹ്ർ ചെയ്യലാണ്. ശിർക്ക് കഴിഞ്ഞാൽ ഏറ്റവും വലിയ പാപമായി അല്ലാഹു പരിഗണിക്കുന്ന കുറ്റം. ഈ പാപം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സുലൈമാൻ നബി(അ) ഭൗതികമായ ഒരുപാട് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയതെന്ന് യഹൂദികളും മറ്റും പറഞ്ഞുപരത്തി. ഇത് എത്ര വലിയ ആരോപണമാണ്! സുലൈമാൻ നബി(അ)യെ സിഹ്ർ പഠിച്ച ഒരു വിദഗ്ധനായ രാജാവായിട്ടാണ് യഹൂദികൾ ഇന്നും വിശേഷിപ്പിക്കുന്നത്. നസ്വാറാക്കളും അപ്രകാരം തന്നെ.

പറയില്ലായിരുന്നു. ഇതെല്ലാം അറിയിക്കുന്നത് സിഹ്റിന് യാഥാർഥ്യമുണ്ടെന്ന് തന്നെയാണ്. അല്ലാഹു പറയുന്നു: 'അവർ വ്യക്തമായ സിഹ്റുമായിട്ടാണ് വന്നത്.' അതുപോലെ സൂറത്തുൽ ഫലക് ഇറങ്ങുവാൻ കാരണംതന്നെ ലബീദ് ഇബ്നു അഅ്സം പ്രവാചകന് സിഹ്ർ ചെയ്പ്പോഴാണെന്നാണ് പ്രബലമായ പണ്ഡിതാഭിപ്രായം. പ്രസ്തുത ഹദീസ് ബുഖാരിയും മുസ്‌ലിമും ഉൾപെടെയുള്ള ഹദീസ് പണ്ഡിതൻമാർ ആഇശ(റ)യിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ളതാണ്. അതിൽ നമുക്ക് കാണാം: പ്രവാചകൻ (സ്വ)ക്ക് ബാധിച്ച സിഹ്റിനെ നിർവീര്യമാക്കിയപ്പോൾ അവിടുന്ന് പറയുകയുണ്ടായി: 'തീർച്ചയായും അല്ലാഹു എനിക്ക് ശിഫ നൽകിയിരിക്കുന്നു.' ശിഫയുണ്ടാകുന്നത് കാരണത്തെയും രോഗത്തെയും നീക്കുമ്പോഴാണല്ലൊ. ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാനാവുന്നത് സിഹ്റിന് തീർച്ചയായും യാഥാർഥ്യമുണ്ടെന്ന് തന്നെയാണ്. അല്ലാഹുവും അവന്റെ പ്രവാചകനും സിഹ്ർ ഉള്ളതാണെന്നും അത് സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്" (തഫ്സീർ ക്വുർത്വുബി).

പരിശുദ്ധ ക്വുർആൻ ഉപയോഗിച്ച 'സിഹ്ർ' എന്ന പദത്തെ വിശദമായി അപഗ്രഥിച്ച പണ്ഡിതൻമാരുണ്ട്. ഇസ്‌ലാമിക പ്രമാണങ്ങളോടും ഭാഷയോടും നീതിപുലർത്തി വൈജ്ഞാനികമായി വിഷയത്തെ സമീപിച്ചവർ ഒരിക്കലും അതിന്റെ യാഥാർഥ്യത്തെ നിഷേധിച്ചിട്ടില്ല.

അമാനി മൗലവി(റഹി) സിഹ്റിനെ വിശദീകരിച്ചുകൊണ്ട് എഴുതി: "ആഭിചാരം, ക്ഷുദ്രം, ഇന്ദ്രജാലം, ചെപ്പടിവിദ്യ, മായതന്ത്രം, വശീകരണം, ജാലവിദ്യ, കൺകെട്ട്, മാരണം എന്നീ അർഥങ്ങളിലെല്ലാം മൊത്തത്തിൽ ഉപയോഗിക്കുന്ന വാക്കാണ് സിഹ്ർ. കാര്യകാരണബന്ധം മനസ്സിലാക്കുവാൻ പ്രയാസമായ എല്ലാ ഉപായകൃത്യങ്ങൾക്കും സിഹ്ർ എന്നു പറയാം. സിഹ്റിന്റെ പല വകുപ്പുകളും ഉദാഹരണങ്ങളും പല മഹാൻമാരും വിവരിച്ചു കാണാം. ചുരുക്കത്തിൽ മന്ത്രതന്ത്രങ്ങൾ, ജപഹോമാദികൾ, ഉറുക്കുനറുക്കുകൾ, അക്കക്കളങ്ങൾ, രക്ഷാതകിടുകൾ, കയ്യൊതുക്കം, മെസ്മരിസം, ഹിപ്നോട്ടിസം, മയക്കുവിദ്യകൾ ആദിയായവയെല്ലാം സിഹ്റിന്റെ ഇനങ്ങളത്രെ. 'ഇസ്മിന്റെ പണി,' 'ത്വൽസമാത്ത്' മുതലായ പേരുകളിലറിയപ്പെടുന്ന വിദ്യകളും അങ്ങിനെത്തന്നെ. മിക്കതിലും ഭൂതം, ജിന്ന്, മലക്ക്, ദേവൻ, ദേവി, പിശാച്, മരണമടഞ്ഞവർ, നക്ഷത്രഗ്രഹങ്ങൾ ആദിയായ ഏതിൽനിന്നെങ്കിലുമുള്ള സഹായാർഥനകളും ചില പ്രത്യേക തരത്തിലുള്ള കർമമുറകളും അടങ്ങിയിരിക്കും. ചിലപ്പോൾ, ചില മരുന്നുകളും മന്ത്രതന്ത്രങ്ങളും കൂട്ടിയിണക്കിക്കൊണ്ടുമായിരിക്കും. ഗൂഢവും അദൃശ്യവുമായ മാർഗത്തിലൂടെ ആപത്തുകളിൽനിന്ന് രക്ഷ നേടുക, ശത്രുക്കൾക്കും മറ്റും ആപത്ത് വരുത്തുക, മറഞ്ഞ കാര്യങ്ങൾ അറിയുക, വൻകാര്യങ്ങൾ സാധിക്കുക, ആളുകളെ തമ്മിൽ ഇണക്കുകയോ പിണക്കുകയോ ചെയ്യുക, മരണപ്പെട്ടവരുടെ ആത്മാക്കളുമായി ബന്ധപ്പെടുക, അത്ഭുത കൃത്യങ്ങൾ കാണിക്കുക മുതലായവയാണ് സിഹ്റിന്റെ ലക്ഷ്യങ്ങൾ. മിക്കവാറും ഇനങ്ങൾ യാഥാർഥ്യമില്ലാത്തതും തനി പകിട്ടും മായയുമായിരിക്കും. ചിലതാകട്ടെ, മാനസികമായ ചില മാറ്റങ്ങൾ ഉണ്ടാക്കുന്നതും, അതുവഴി ചില അനുഭവങ്ങൾ പ്രകടമാകുന്നതുമായിരിക്കും.

മേൽ വിവരിച്ചതിൽനിന്ന് സിഹ്ർ പലതരത്തിലുണ്ടെന്നും ഗൗരവത്തിലും ലാഘവത്തിലും എല്ലാം ഒരു പോലെയല്ലെന്നും മനസ്സിലാക്കാമല്ലോ. മൊത്തത്തിൽ എല്ലാം കുറ്റകരവും വെറുക്കപ്പെട്ടതും തന്നെയാണെങ്കിലും എല്ലാതരം സിഹ്റും യഥാർഥത്തിൽ ശിർക്കും കുഫ്റുമാകുന്നില്ല എന്നുള്ളതാണ് വാസ്തവം. എല്ലാ സിഹ്റും കുഫ്റാണെന്ന് ചിലർ പറഞ്ഞുകാണാമെങ്കിലും സിഹ്റിന്റെ അർഥവ്യാപ്തിയും അതിലെ തരാതരങ്ങളും ഗൗനിക്കാതെയുള്ള ഒരഭിപ്രായമാണത്. ഏതായാലും സത്യവിശ്വാസത്തിനും സത്യവിശ്വാസികൾക്കും യോജിക്കാത്തതും അവിശ്വാസത്തിനും, അവിശ്വാസികൾക്കും മാത്രം യോജിക്കുന്നതുമാണ് സിഹ്റിന്റെ എല്ലാ ഇനങ്ങളുമെന്നതിൽ സംശയമില്ല" (അമാനി തഫ്സീർ, സൂറഃ അൽബക്വറ 102ന്റെ വ്യാഖ്യാനം).

സിഹ്റിന്റെ പ്രവർത്തനങ്ങളിൽ ഒട്ടുമിക്ക മേഖലയിലും സഹായം ചോദിക്കപ്പെടുന്നത് ഒന്നുകിൽ ജിന്നിനോടോ മരണമടഞ്ഞുപോയവരോടോ അല്ലെങ്കിൽ ഏതെങ്കിലും സാങ്കൽപിക ശക്തികളോടോ ആയിരിക്കും എന്നർഥം. അതുവഴി പല പ്രത്യേക തരത്തിലുള്ള കർമങ്ങളും ആചാരങ്ങളും അനുഷ്ഠിക്കാൻ പിശാച് വിശ്വാസികളെ പ്രേരിപ്പിക്കുകയും നേർവഴിയിൽനിന്നും അവരെ തെറ്റിക്കുകയും ചെയ്യുന്നു. ശാശ്വതമായും നരകത്തിന്റെ അവകാശികളായി അവരെ മാറ്റാനാണ് ശപിക്കപ്പെട്ട പിശാച് സിഹ്റിലൂടെ അവസരമൊരുക്കുന്നത്.

ഈ പൈശാചിക ഏർപ്പാട് മൊത്തത്തിൽ കുറ്റകരവും അങ്ങേയറ്റം വെറുക്കപ്പെട്ടതുമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ശരിയായ ഈമാനുള്ള ആളുകൾക്ക് യാതൊരു നിലക്കും യോജിക്കുന്ന ഒരു പ്രവർത്തനമല്ല ഇത്. അതുകൊണ്ടാണ് അല്ലാഹു മാതൃകായോഗ്യനായ സുലൈമാൻ നബി(അ)യെ പരിശുദ്ധനാക്കിക്കൊണ്ട് പറഞ്ഞത്:

"സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, പിശാചുക്കളാണ് അവിശ്വസിച്ചത്" (അൽബക്വറ 102).

സുലൈമാൻ നബി(അ)യുടെ അറിവും അദ്ദേഹത്തിന് ലഭിച്ച രാജവാഴ്ചയും സിഹ്റിലൂടെ ലഭിച്ചതല്ല, മറിച്ച് അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന് ലഭിച്ച അപാരമായ അനുഗ്രഹമാണ്. മനുഷ്യനെ സംബന്ധിച്ച് അവനെ എല്ലാതരം ദുർമാർഗത്തിലേക്കും ക്ഷണിക്കുന്നതും ശിർക്കിലേക്കും കുഫ്റിലേക്കും നയിക്കുന്നതും പിശാചുക്കളാണ്. അതിനവർ അവരാൽ കഴിയുന്ന മാർഗങ്ങളെല്ലാം ഉപയോഗപ്പെടുത്തും. മനുഷ്യൻമാർക്ക് സിഹ്റിന്റെ വകഭേദങ്ങൾ പഠിപ്പിക്കുന്നതും അതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതുമൊക്കെ ഈ ലക്ഷ്യം വെച്ചുകൊണ്ടാണ്. അതും പിശാചുക്കളുടെ കുഫ്റിന്റെ കാരണമായി അല്ലാഹു എടുത്തു പറഞ്ഞു:

"എങ്കിലും, മനുഷ്യർക്ക് സിഹ്ർ പഠിപ്പിച്ചുകൊണ്ട് പിശാചുക്കളാണ് അവിശ്വസിച്ചത്" (അൽബക്വറ 102).

സത്യവിശ്വാസികൾക്ക് ഒരു നിലയ്ക്കും യോജിക്കാത്ത, അവിശ്വാസികൾക്ക് മാത്രം യോജിക്കുന്ന ഈ കാര്യത്തെ ഏഴു വൻപാപങ്ങളിൽ ഒന്നായാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചിരിക്കുന്നത്.

അബൂഹുറയ്റ(റ) നിവേദനം, പ്രവാചകൻ (സ്വ) പറഞ്ഞു: "ഏഴ് മഹാപാപങ്ങൾ നിങ്ങൾ വർജിക്കുവിൻ.' അന്നേരം ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ ദൂതരേ, അവ ഏതെല്ലാമാണ്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിൽ പങ്കു ചേർക്കൽ, മാരണം (സിഹ്ർ) ചെയ്യൽ, അല്ലാഹു പവിത്രമാക്കിയ മനുഷ്യശരീരങ്ങളെ അന്യായമായി വധിക്കൽ, അനാഥകളുടെ സമ്പത്ത് തിന്നൽ, പലിശമുതൽ ഭുജിക്കൽ, യുദ്ധത്തിൽ സൈന്യങ്ങൾ അന്യോന്യം കണ്ടുമുട്ടുമ്പോൾ പിന്തിരിഞ്ഞോടൽ, വിശ്വാസിനികളും പതിവ്രതകളും ചീത്തവിചാരങ്ങൾ ഇല്ലാത്തവരുമായ സ്ത്രീകളെക്കുറിച്ച് അപവാദം പറയൽ" (ബുഖാരി 2766, മുസ്‌ലിം 89).

പ്രവാചകൻ(സ്വ) രണ്ടാമതായി എടുത്തുപറഞ്ഞ വൻപാപം സിഹ്ർ ചെയ്യലാണ്. ശിർക്ക് കഴിഞ്ഞാൽ ഏറ്റവും വലിയ പാപമായി അല്ലാഹു പരിഗണിക്കുന്ന കുറ്റം. ഈ പാപം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് സുലൈമാൻ നബി(അ) ഭൗതികമായ ഒരുപാട് അനുഗ്രഹങ്ങൾ കരസ്ഥമാക്കിയതെന്ന് യഹൂദികളും മറ്റും പറഞ്ഞു പരത്തി. ഇത് എത്ര വലിയ ആരോപണമാണ്! സുലൈമാൻ നബി(അ)യെ സിഹ്ർ പഠിച്ച ഒരു വിദഗ്ധനായ രാജാവായിട്ടാണ് യഹൂദികൾ ഇന്നും വിശേഷിപ്പിക്കുന്നത്. നസ്വാറാക്കളും അപ്രകാരം തന്നെ. പിശാചുക്കൾ മനുഷ്യനെ അഭ്യസിപ്പിച്ച ഈ കള്ളവിശ്വാസവും അതിനനുസരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും മുസ്‌ലിം സമുദായത്തിനകത്തുള്ളവർ പരിത്യജിക്കേണ്ടത് അനിവാര്യംതന്നെ. ■

ഇബ്നു അലി
എടത്തനാട്ടുകര
: 94461 51577




# ജോലി തേടിയെത്തിയ പയ്യൻ

പതിവുപോലെ മഗ്‌രിബ് നമസ്കാരാനന്തരം ഹോട്ടലിൽ കൂട്ടുകാർക്കൊപ്പം ചായ കുടിക്കാൻ കേറി. അന്നേരം പുതിയ ഒരു പ്ലാസ്റ്റിക് പായയുമായി ഒരു അന്യസംസ്ഥാന പയ്യൻ കടയിലേക്ക് എത്തി. അവന്റെ കൂടെ ഒരാൾ കൂടിയുണ്ടായിരുന്നു. ഏകദേശം പതിനെട്ടു വയസ്സ് തോന്നിക്കുന്ന, ഇരുനിറമുള്ള ആ പയ്യൻ ഏറെ സന്തോഷത്തിലായിരുന്നു. കൂടെയുള്ളത് മൂത്ത സഹോദരനാണെന്ന് കൂട്ടുകാരൻ ചോദിച്ചറിഞ്ഞു. ഒരു പയ്യൻ കൂലിപ്പണിക്കാരനായി ത്തീരുകയാണ്. അതിനാണ് അവൻ കേരളത്തിൽ എത്തിയിരിക്കുന്നത്. ചായയും കടിയും കഴിച്ച് പായയുമായി ഊർജസ്വലതയോടെ അവൻ സ്ഥലം വിട്ടു.

സ്വാഭാവികമായും ഞങ്ങളുടെ ചർച്ച അവനിലായി. നമുക്ക് ചുറ്റുമുള്ള ഇതേ പ്രായത്തിലുള്ള കുട്ടികളെക്കുറിച്ച് ആലോചിക്കാതിരിക്കാനാവില്ല. വാശിപിടിച്ച് ആവശ്യമുള്ളതെല്ലാം മാതാപിതാക്കളിൽ നിന്ന് വാങ്ങിയെടുക്കാനവർ സമർഥരാണ്. പഠനം ആണ് 'തൊഴിൽ' എന്ന് പറയുമെങ്കിലും അതും നേരെചൊവ്വേ ചെയ്യുന്നവർ ചുരുക്കം. അസമയത്ത് വീട്ടിൽനിന്ന് ഇറങ്ങുന്നു. കൂട്ടുകാരോടൊത്ത് കറങ്ങി എവിടെനിന്നൊക്കെയോ ഭക്ഷണം കഴിക്കുന്നു. ഏറെ വൈകി വീട്ടിലെത്തി ഉറങ്ങുന്നു. വളരെ വൈകി എഴുന്നേൽക്കുന്നു.

ഇത്തരം കൂട്ടുകെട്ടുകൾ തന്നെയാണ് പലരെയും മയക്കുമരുന്ന് പോലുള്ളവയുടെ വലയിൽ പെടുത്തുന്നത്. ചോദ്യം ചെയ്യാൻ മാതാപിതാക്കൾക്ക് ധൈര്യമില്ല. എന്ത് മറുപടിയാണ് പറയുക, എന്താണവർ ചെയ്യുക എന്ന് ഊഹിക്കാനാവില്ല. അവരുടെ കാര്യത്തിൽ ഇടപെടാൻ ആരെയും അവർ അനുവദിക്കുകയുമില്ല.

പഠനത്തിനിടയിലും ജോലി ചെയ്യുന്ന വിദ്യാർഥികളെ കാണാതിരിക്കാനാവില്ല. പഠനത്തോടൊപ്പം പെട്രോൾ പമ്പിലും കടകളിലും കാറ്ററിങ്ങിലും മറ്റും പാർട്ടൈമായി ജോലി ചെയ്യുന്ന കുട്ടികൾ ധാരാളമുണ്ട്. പഠനച്ചെലവിനാണെങ്കിലും ചിലർ വീട്ടുകാരെ സഹായിക്കാൻ കൂടി ഈ കൂലി ഉപയോഗിക്കുന്നുവെന്നത് അഭിനന്ദനീയമാണ്. എനിക്ക് അത്തരക്കാരോട് പ്രത്യേക മമതയുണ്ട്, കാരണം കുട്ടിക്കാലത്ത് ഞാനും അവരിലൊരാളായിരുന്നു.

മധ്യവർഗത്തിലും അതിന് മുകളിലുമുള്ള കുടുംബത്തിലെ കുട്ടികൾ മിക്കവരും വിദേശ രാജ്യങ്ങളിൽ പഠിക്കാൻ ഉത്സാഹിക്കുന്നവരാണ്. രക്ഷിതാക്കൾക്ക് സാമ്പത്തിക അടിത്തറയില്ലെങ്കിലും നിർബന്ധിച്ച് അവർ അന്യരാജ്യപഠനം ഒപ്പിക്കുന്നു. അവിടെയെത്തിയാൽ ഇവർ ഹോട്ടലിലും മറ്റും ജോലി ചെയ്യാൻ തിരക്ക് കൂട്ടുന്നു എന്നത് രസകരവും ചിന്തനീയവുമാണ്.

കുടുംബത്തിലെ സാമ്പത്തിക സ്ഥിതിയും പരാധീനതകളും കുട്ടികളെ ബോധപൂർവം ബോധ്യപ്പെടുത്തണം. ചോദിക്കുന്നതെല്ലാം സാധിച്ചുകൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയില്ല എന്ന് അവർക്ക് സ്വയം മനസ്സിലാകണം. ചോദിക്കുന്നതെന്തും കടംവാങ്ങിയിട്ടെങ്കിലും വാങ്ങിക്കൊടുക്കുന്നത് ശീലമാക്കിയാൽ പിന്നെ ചോദിച്ചത് കിട്ടിയില്ലെങ്കിൽ അവരുടെ സ്വഭാവം മാറും. ഇല്ല എന്ന വാക്ക് അവർക്ക് സഹിക്കാൻ കഴിയില്ല. വീട്ടിലെ ഇല്ലായ്മകൾ അറിഞ്ഞ് മക്കൾ വളരട്ടെ. അത് അവരുടെ ഭാവി ജീവിതത്തിൽ അവർക്ക് ഏറെ ഉപകാരപ്പെടും. ■

മുജീബ് ഒട്ടുമ്മൽ
: 97444 31890



# ജാതി സെൻസസിന്റെ രാഷ്ട്രീയം; പരിണിതിയും

ഹിന്ദുസമൂഹത്തെ വിഭജിക്കാനുള്ള കോൺഗ്രസ് തന്ത്രമാണ് ജാതി സെൻസസ് എന്ന് ഇതുവരെ ആക്ഷേപിച്ചിരുന്ന ബിജെപിയും നരേന്ദ്രമോഡിയും ഇപ്പോൾ ചുവട് മാറ്റിയിരിക്കുകയാണ്.

പെഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ വിളിച്ചുചേർത്ത കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനമറിയിക്കാൻ നടത്തിയ വാർത്താ സമ്മേളനത്തിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ആണ് ജാതിസെൻസസ് പ്രഖ്യാപിച്ചത്. പ്രതിപക്ഷത്തിന്റെ ശക്തമായ ആവശ്യത്തിന് മുന്നിൽ കീഴടങ്ങിയതല്ല തങ്ങളെന്ന് ബോധ്യപ്പെടുത്താൻ വളരെ നാടകീയമായാണ് കേന്ദ്രമന്ത്രി ഈ വിഷയം പത്രക്കാർക്ക് മുന്നിൽ അവതരിപ്പിച്ചത്.

ജാതി സെൻസസ് ബിജെപി രാഷ്ട്രീയം ശക്തമായി എതിർത്ത ഒന്നായിരുന്നു. കഴിഞ്ഞ ലോക്സഭാ ബജറ്റ് സമ്മേളനത്തിൽ ജാതിസെൻസസിന്റെ ആവശ്യകത വിശദീകരിച്ചുകൊണ്ട് രാഹുൽ ഗാന്ധി നടത്തിയ പ്രഭാഷണ

> പിന്നാക്ക അവകാശങ്ങൾക്ക് മീതെ ‘സവർണ സിംഹാസന’മിട്ടാണ് കാലങ്ങളായി വലതുപക്ഷ രാഷ്ട്രീയം വിരാജിക്കുന്നത്. അതുകൊണ്ട് തന്നെ സാമൂഹ്യനീതിക്കും സംവരണ തത്ത്വങ്ങൾക്കുമെതിരായ മനുവാദ ഹിന്ദുത്വ രാഷ്ട്രീയം ജാതി സെൻസസിനെ എന്നും ഭയപ്പെടുകയും പരസ്യമായി എതിർക്കുകയും ചെയ്തിരുന്നു. പ്രതികരണങ്ങളും പ്രതിഷേധങ്ങളും പ്രതിരോധിക്കാനാവാതെ സ്വീകരിച്ച പുതിയ നിലപാട് ഏറെ പ്രതീക്ഷ നൽകുന്നതാണ്.

ത്തിന് മറുപടി പറഞ്ഞ ധനമന്ത്രി നിർമലാ സീതാരാമൻ ഈ ആവശ്യത്തെ പരിഹസിച്ച് തള്ളുകയായിരുന്നു. അതിനു മുമ്പ് കേന്ദ്ര ആഭ്യന്തരസഹമന്ത്രിയും ജാതി സെൻസസ് എന്ന ആവശ്യത്തെ നിരാകരിച്ച് സംസാരിക്കുകയുണ്ടായി.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സമാജ് വാദി പാർട്ടി, ആർജെഡി പോലെയുള്ള പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ ഈ ആവശ്യമുന്നയിച്ച് ബിജെപിയെ വെല്ലുവിളിച്ച് മുന്നോട്ട് വന്നിരുന്നു. ഇന്ത്യയിലെ ദളിതുകൾ, ആദിവാസികൾ, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, മറ്റു സമുദായങ്ങളിലെ ദരിദ്രർ അടക്കമുള്ള 90% ജനങ്ങളും ആഗ്രഹിക്കുകയും ശബ്ദിക്കുകയും ചെയ്ത അവകാശമായിരുന്നു ജാതി സെൻസസ്. ബീഹാർ, തെലങ്കാന, കർണാടക പോലെയുള്ള സംസ്ഥാനങ്ങളിൽ നടന്ന സെൻസസും അതിന്റെ സുതാര്യതയും ഉയർത്തിപ്പിടിച്ചാണ് കോൺഗ്രസ് സെൻസസിന് വേണ്ടി വാദിച്ചത്. ബീഹാർ നിയമസഭാ തെരെഞ്ഞെടുപ്പ് സമാഗതമായപ്പോഴാണ് സർക്കാർ ഈ ആവശ്യത്തിന് മുന്നിൽ മുട്ടുമടക്കിയതെന്ന ചർച്ചകളും നടക്കുന്നുണ്ട്. ചരിത്രപരമായി തന്നെ ആർഎസ്എസും ബിജെപിയും ജാതി തിരിച്ചുള്ള സെൻസസിനെതിരായിരുന്നു. ഹിന്ദു ഐക്യം, അഖണ്ഡത എന്നീ ആശയങ്ങളുമായി ആർഎസ്എസിനെ സമർഥമായി ബന്ധിപ്പിച്ചുകൊണ്ടാണ് സെൻസസ് ഹിന്ദു വിഭാഗത്തെ സംബന്ധിച്ച് സെൻസിറ്റീവ് ആയ വിഷയമാണെന്ന് സംഘപരിവാരങ്ങൾ പ്രഖ്യാപിച്ചിരുന്നത്. പാലക്കാട് നടന്ന ആർഎസ്എസിന്റെ അഖില ഭാരതീയ സമന്വയ ബൈഠക്കിനു ശേഷം പ്രചാർ പ്രമുഖ് സുനിൽ അംബേക്കർ നടത്തിയ പ്രസ്താവനയിൽ ഇത് ഊന്നിപ്പറഞ്ഞിരുന്നു.

സാമൂഹ്യനീതിക്കും സംവരണ തത്ത്വങ്ങൾക്കുമെതിരായ മനുവാദാധിഷ്ഠിതമായ ഹിന്ദുത്വ രാഷ്ട്രീയമാണ് ജാതി സെൻസസിനെ ഭയപ്പെട്ടിരുന്നതും അതിനെ അട്ടിമറിക്കാനുള്ള തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരുന്നതും. ജാതി സെൻസസ് നടപ്പിലാക്കാമെന്ന സംഘപരിവാരങ്ങളുടെ അപ്രതീക്ഷിതമായ നയം മാറ്റത്തിന് പല കാരണങ്ങളുണ്ട്. ജാതിരാഷ്ട്രീയത്തിന് കാര്യമായ വളക്കൂറുള്ള മണ്ണായ ബീഹാറിൽ തുടർഭരണത്തിന് ഈ നീക്കം ഗുണം ചെയ്യുമെന്നാണ് ബിജെപി കണക്കുകൂട്ടുന്നത്. വർഷങ്ങളോളം മാറ്റിവെച്ച ഈ സംവിധാനം ഇപ്പോൾ നടപ്പിലാക്കാനുള്ള ശ്രമം ബീഹാറിലെ സമാഗതമായ തെരഞ്ഞെടുപ്പാണ് എന്നതിൽ സംശയമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന് നേട്ടം ഉണ്ടാക്കാൻ സാധിച്ചതിന്റെ ഒരു കാരണം ജാതി സെൻസസ് ഉയർത്തിപ്പിടിച്ച് അതിന്റെ ആവശ്യകതയുമായി ജനങ്ങളിലേക്ക് ഇറങ്ങിയതാണ് എന്ന് ബിജെപി രാഷ്ട്രീയം വിലയിരുത്തുന്നുണ്ട്. ഇത് പരിഗണിച്ചുകൊണ്ടായിരിക്കാം ബീഹാർ തെരഞ്ഞെടുപ്പിനു മുമ്പ് തന്നെ ജാതി സെൻസസ് പ്രഖ്യാപിച്ചത്.1951 മുതൽ രാജ്യത്ത് നടക്കുന്ന സെൻസസിൽ പട്ടികജാതി പട്ടികവർഗങ്ങളുടെയും വ്യത്യസ്ത മതവിഭാഗങ്ങളുടെയും കണക്കുകൾ കൃത്യമായി രേഖപ്പെടുത്തുന്നു. എന്നാൽ എസ് സി, എസ് ടി വിഭാഗം എന്ന നിലയിൽ അല്ലാതെ ഉപവിഭാഗങ്ങളുമായി ബന്ധപ്പെട്ട കണക്കെടുപ്പൊന്നും നടന്നിട്ടില്ല എന്നതാണ് സത്യം. 1931ൽ നടന്നിട്ടുള്ള സെൻസസിലാണ് രാജ്യത്ത് അവസാനമായി ജാതി തിരിച്ചുള്ള കണക്ക് ലഭ്യമായിട്ടുള്ളത്. 1941ൽ ലോക മഹായുദ്ധകാലത്ത് ജാതി തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന തരത്തിൽ സെൻസസ് നടന്നു

ജാതി സെൻസസ് നടപ്പിലാക്കാമെന്ന സംഘപരിവാരങ്ങളുടെ അപ്രതീക്ഷിതമായ നയം മാറ്റത്തിന് പല കാരണങ്ങളുണ്ട്. ജാതിരാഷ്ട്രീയത്തിന് കാര്യമായ വളക്കൂറുള്ള മണ്ണായ ബീഹാറിൽ തുടർഭരണത്തിന് ഈ നീക്കം ഗുണം ചെയ്യുമെന്നാണ് ബിജെപി കണക്കുകൂട്ടുന്നത്. വർഷങ്ങളോളം മാറ്റിവെച്ച ഈ സംവിധാനം ഇപ്പോൾ നടപ്പിലാക്കാനുള്ള ശ്രമം ബീഹാറിലെ സമാഗതമായ തെരഞ്ഞെടുപ്പാണ് എന്നതിൽ സംശയമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന് നേട്ടം ഉണ്ടാക്കാൻ സാധിച്ചതിന്റെ ഒരു കാരണം ജാതി സെൻസസ് ഉയർത്തിപ്പിടിച്ച് അതിന്റെ ആവശ്യകതയുമായി ജനങ്ങളിലേക്ക് ഇറങ്ങിയതാണ് എന്ന് ബിജെപി രാഷ്ട്രീയം വിലയിരുത്തുന്നുണ്ട്.

വെങ്കിലും ചില വിവരങ്ങൾ പുറത്ത് വിട്ടിട്ടില്ലായിരുന്നു. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ സെൻസസ് മുതൽ ജാതി തിരിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടില്ല.

സർക്കാറിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ഡാറ്റാ ശേഖരണമായാണ് ജാതി സെൻസസിനെ ആർഎസ്എസ് ഇപ്പോൾ വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത്. വെൽഫയർ രാഷ്ട്രീയത്തിന്റെ ഡാറ്റ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആദിവാസി-ദളിത് ഒബിസി വോട്ട് ബാങ്കുകളെ ഉറപ്പിച്ചു നിർത്താൻ ബിജെപി പയറ്റുന്ന ക്ഷേമ രാഷ്ട്രീയം എന്ന ലക്ഷ്യമാണ് ആർഎസ്എസ് മുന്നോട്ട് വെക്കുന്നത്. സവർണ വിഭാഗങ്ങൾ കൈയടക്കി വച്ചിരുന്ന വിഭവാധികാരത്തെക്കുറിച്ച് നിശ്ശബ്ദമാകുന്ന ആർഎസ്എസ് ജാതി സെൻസസിന്റെ ലക്ഷ്യത്തെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്: 'ജാതീയമായി പിന്നാക്കം നിൽക്കുന്നവർ അടക്കമുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ ആസൂത്രണം ചെയ്യാൻ സർക്കാറിന് കണക്കുകൾ ആവശ്യമാണ്. മുമ്പും അത്തരം ഡാറ്റകൾ ശേഖരിച്ചിരുന്നു. ഇനിയും അത് തുടരാം.' പിന്നാക്ക വിഭാഗങ്ങളുടെ അധികാര പങ്കാളിത്തമോ ഉദ്യോഗ പ്രാതിനിധ്യമോ അല്ല ബിജെപിയെ ജാതി സെൻസസിന് പ്രേരിപ്പിച്ച ഘടകം എന്നത് ഇതിൽനിന്ന് വ്യക്തമാണ്.

### ജാതി സെൻസസ് അനിവാര്യം

ഭരണഘടനയുടെ ആർട്ടിക്കിൾ 15(4), 16(4) പ്രകാരം, വിദ്യാഭ്യാസ-ഉദ്യോഗ മേഖലകളിൽ ദലിത്, പിന്നാക്ക വിഭാഗങ്ങൾക്ക് പ്രവേശനത്തിനും നിയമനത്തിനും സംവരണവും പ്രത്യേക പരിരക്ഷകളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വിഭാഗങ്ങൾക്ക് വരുമാനത്തിന്റെ കാര്യത്തിലുള്ള അന്തരം ലഘൂകരിക്കണമെന്നും പദവികളിലും അവസരങ്ങളിലുമുള്ള അസമത്വം ഇല്ലാതാക്കണമെന്നും ആർട്ടിക്കിൾ 38(2) പറയുന്നു. ഇതൊക്കെ കൃത്യമായി കണക്കാക്കാൻ നിലവിൽ ഓരോ വിഭാഗത്തിന്റെയും എണ്ണവും സാമൂഹ്യാവസ്ഥയും അറിയണം. ഏതൊക്കെയാണ് ജാതികൾ, വിവിധ ജാതികളുടെ സാമൂഹിക-സാമ്പത്തിക-തൊഴിൽ-വിദ്യാഭ്യാസ അവസ്ഥകൾ എന്തൊക്കെയാണ്, ഭരണകൂടത്തിന്റെ കൈകൾ എത്താത്തത് എവിടെ, വിഭവങ്ങളുടെ വിതരണം ഏതു നിലയ്ക്കാണ് നടക്കുന്നത് എന്നിങ്ങനെ ഒട്ടനവധി ചോദ്യങ്ങൾക്ക് സൂക്ഷ്മമായ ഉത്തരം നൽകാൻ ജാതി സെൻസസിന് സാധിക്കും.

ഇന്ത്യൻ ജനതയിൽ എഴുപത്തി അഞ്ചു ശതമാനത്തിലധികം വരുന്ന പിന്നാക്ക വിഭാഗങ്ങളുടെ കാലങ്ങളായുള്ള ആവശ്യമാണ് ജാതി സെൻസസ്. അർഹരായവരെ സംവരണ ആനുകൂല്യങ്ങളിൽ ഉൾപ്പെടുത്തുക എന്നത് സാമൂഹ്യനീതിയാണ്. അധികാര പങ്കാളിത്തവും ഉദ്യോഗ പ്രാതിനിധ്യവും ജനസംഖ്യാനുപാതികമായി ലഭിക്കാത്ത വിഭാഗങ്ങൾക്ക് അനിവാര്യമായും പരിഗണന നൽകണമെന്ന നമ്മുടെ ഭരണഘടനയുടെ നിർദ്ദേശത്തെ മാനിക്കാൻ അധികാരികൾ തയ്യാറാവേണ്ടതുണ്ട്. വികസന പദ്ധതികൾ സന്തുലിതമാക്കുവാനും അർഹരിലേക്ക് എത്തിക്കുവാനും ഭരണാധികാരികൾക്ക് ഉത്തരവാദിത്തമുണ്ട്. അതിനാൽ ജാതി തിരിച്ചുള്ള സെൻസസ് രാജ്യത്ത് അനിവാര്യമാണ്. നിലവിൽ ലഭ്യമായ ജാതി തിരിച്ചുള്ള ഡാറ്റകൾക്ക് 90 വർഷം പഴക്കമുണ്ട്. അതേസമയം നിരവധി ക്ഷേമ പ്രവർ

ത്തനങ്ങൾക്ക് ജാതീയത അടിസ്ഥാനമാക്കുന്നുണ്ട്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും പ്രത്യേകം പരിരക്ഷകളും അവകാശങ്ങളും ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകിയിട്ടുണ്ട്.

ബ്രിട്ടീഷ് ഇന്ത്യയിൽ 1931വരെ ജാതി സെൻസസ് നടന്നിട്ടുണ്ട്. ഭരണഘടനയുടെ 340ാം അനുഛേദ പ്രകാരം ഇന്ത്യയിലെ പിന്നാക്ക ജനവിഭാഗങ്ങളുടെ (Other Backward Communities)അവസ്ഥയെയും പ്രാതിനിധ്യത്തെയും പറ്റി വിലയിരുത്താൻ ജനുവരി 29, 1953ൽ കേന്ദ്ര സർക്കാർ കാക്കാ-കലേൽക്കർ കമ്മീഷനെ നിയോഗിക്കുകയും 1955 മാർച്ച് 30ന് കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ, അതിലുള്ള നിഗമനങ്ങളോട് സർക്കാറിനുള്ള വിയോജിപ്പുമൂലം തള്ളിക്കളയുകയാണുണ്ടായത്. പിന്നീട് വിവിധ തലങ്ങളിൽനിന്നുള്ള സമ്മർദ ഫലമായി 1979ൽ അന്നത്തെ പ്രധാനമന്ത്രി മോറാർജി ദേശായി മേൽപ്പറഞ്ഞ വിഷയത്തെത്തന്നെ ആധാരമാക്കി പുതിയൊരു റിപ്പോർട്ട് സമർപ്പിക്കാൻ ബി.പി മണ്ഡലിനെ നിയമിച്ചു. 1980ൽ ഈ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടെങ്കിലും ഒന്നര പതിറ്റാണ്ടോളം അതിന്മേൽ നടപടിയൊന്നുമുണ്ടായില്ല. സാമൂഹിക ക്രമത്തിൽ ഉയർന്ന ജാതിക്കാർക്കും ദലിതുകൾക്കുമിടയിൽ ധാരാളമായുള്ള മറ്റു പിന്നാക്ക ജാതികൾ എന്ന വിഭാഗത്തിന് അധികാരത്തിലും പദവിയിലും തക്കതായ പ്രാതിനിധ്യം ലഭിക്കാൻ ഉതകും വിധം സംവരണത്തിന്റെ ഗണ്യമായ വിപുലീകരണത്തിന് കമ്മീഷൻ ശിപാർശ ചെയ്തിരുന്നു.

1931ലെ അവസാന ജാതി സെൻസസിലെ ഡാറ്റ ഉപയോഗിച്ച് കമ്മീഷൻ നിർണയിച്ച ഇക്കൂട്ടർ ഇന്ത്യൻ ജനസംഖ്യയുടെ 52% ആയിരുന്നു. 1955ലെ കാക്കാ-കലേൽക്കർ കമ്മീഷൻ സർക്കാരിന് മുമ്പാകെ വെച്ച ശിപാർശകളിൽ ആദ്യത്തെത് 1961 മുതൽ ജാതി സെൻസസ് എടുക്കണമെന്നുള്ളതായിരുന്നു. എന്നാൽ, ഇതുവരെയായിട്ടും അങ്ങനെയൊന്ന് നടന്നിട്ടില്ല. എൺപതുകളിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് ശേഷം ജാതി സെൻസസ് എന്നത് വീണ്ടും സജീവ ചർച്ചാവിഷയമായി. 1990ൽ ഇന്ത്യയിലെ രണ്ടാമത്തെ കോൺഗ്രസ്സ് ഇതര സർക്കാരായ വി.പി സിങ് സർക്കാർ, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്ന പുതിയ വിഭാഗത്തെ ഉൾപ്പെടുത്തി മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കി. മൂന്ന് പതിറ്റാണ്ടിലേറെ കഴിഞ്ഞ് ദലിത്, ആദിവാസി സംവരണങ്ങൾക്കൊപ്പം ഇന്ന് ഒബിസി സംവരണവും ഭരണഘടനാപരമായി സാധുതയുള്ള ഒരു സംവരണ വിഭാഗമാണ്.




### ജാതി സെൻസസിന്റെ പ്രാധാന്യം

1) *സാമൂഹിക അസമത്വം പരിഹരിക്കുന്നതിന്:*

ഇന്ത്യയുടെ പല ഭാഗങ്ങളിലും ജാതി അടിസ്ഥാനമാക്കിയുള്ള വിവേചനം ഇപ്പോഴും നിലനിൽക്കുന്നു. ജാതി സെൻസസ് പിന്നാക്കാവസ്ഥയിലുള്ള വിഭാഗങ്ങളെ തിരിച്ചറിയാനും നയരൂപീകരണത്തിൽ അവരെ മുൻപന്തിയിലേക്ക് കൊണ്ടുവരാനും സഹായിക്കും.

വ്യത്യസ്ത ജാതി ഗ്രൂപ്പുകളുടെ വിതരണം മനസ്സിലാക്കുന്നതിലൂടെ, സാമൂഹിക അസമത്വം പരിഹരിക്കുന്നതിനും അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ ഉയർത്തുന്നതിനും ലക്ഷ്യമിട്ടുള്ള നയങ്ങൾ നടപ്പിലാക്കാൻ

പെഹൽഗാമിൽ ഭീകരർക്ക് വാതായനങ്ങൾ മലർക്കെ തുറന്നുകൊണ്ടുള്ള സുരക്ഷാ വീഴ്ചയും മതിയായ തോതിൽ സുരക്ഷാഭടൻമാരെ റിക്രൂട്ട് ചെയ്യാതെയുള്ള സർക്കാറിന്റെ നിസ്സംഗതയും രാജ്യത്ത് ചർച്ചയായ വേളയിൽ തന്നെ സമൂഹം ആവശ്യപ്പെട്ട സെൻസസിന് തങ്ങൾ തയ്യാറാണെന്ന് വിളിച്ച് പറയുമ്പോൾ ആർക്കാണതിൽ സംശയമില്ലാതിരിക്കുക. പെഹൽഗാം ഭീകരാക്രമണ സംബന്ധമായി വിളിച്ച് ചേർത്ത വാർത്താ സമ്മേളനത്തിൽ എല്ലാം കഴിഞ്ഞെന്ന് ഉറപ്പിച്ച് ഇറങ്ങാനിരിക്കുന്ന സമയത്ത് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് തന്റെ പാന്റിന്റെ പോക്കറ്റിൽനിന്ന് കടലാസ് തുണ്ടമെടുത്ത് പത്രക്കാരെ വായിച്ച് കേൾപിച്ചതിൽ ഒരു തിരക്കഥയുണ്ടെന്ന് സംശയിച്ചാൽ കുറ്റം പറയാനാവില്ല.

കഴിയും.

2) *വിഭവങ്ങളുടെ തുല്യമായ വിതരണം ഉറപ്പാക്കാൻ:*

ഒബിസികളുടെയും മറ്റ് വിഭാഗങ്ങളുടെയും ജനസംഖ്യയെക്കുറിച്ചുള്ള കൃത്യമായ ഡാറ്റ ഇല്ലാതെ, വിഭവങ്ങളുടെ തുല്യമായ വിതരണം ഉറപ്പാക്കാൻ പ്രയാസമാണ്.

വ്യത്യസ്ത ജാതിവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെയും ആവശ്യങ്ങളെയും കുറിച്ചുള്ള ഉൾക്കാഴ്ചകൾ നൽകുന്നതിലൂടെ ജാതി സെൻസസ് ഇക്കാര്യത്തിൽ സഹായിക്കും .

ഓരോ ഗ്രൂപ്പിന്റെയും പ്രത്യേക ആവശ്യകതകൾ നിറവേറ്റുന്ന നയങ്ങൾ രൂപീകരിക്കുന്നതിൽ നയരൂപകർത്താക്കളെ നയിക്കാനും അതുവഴി സമഗ്ര വികസനം പ്രോത്സാഹിപ്പിക്കാനും ഇതിന് കഴിയും.

3) *സ്ഥിരീകരണ പ്രവർത്തന നയങ്ങളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിന്:*

ഒബിസികൾക്കും മറ്റ് ഗ്രൂപ്പുകൾക്കും സംവരണം പോലുള്ള സ്ഥിരീകരണ നയങ്ങൾ സാമൂഹിക നീതി പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. എന്നിരുന്നാലും, ജനസംഖ്യയെക്കുറിച്ചുള്ള ശരിയായ ഡാറ്റയില്ലാതെ, ഈ നയങ്ങളുടെ സ്വാധീനവും ഫലപ്രാപ്തിയും വിലയിരുത്തുന്നത് വെല്ലുവിളി നിറഞ്ഞതായി മാറുന്നു.

അത്തരം നയങ്ങളുടെ നടത്തിപ്പും ഫലങ്ങളും നിരീക്ഷിക്കാൻ ജാതി സെൻസസ് സഹായിക്കും, അതുവഴി നയരൂപകർത്താക്കൾക്ക് അവയുടെ തുടർച്ചയും പരിഷ്കരണവും സംബന്ധിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ കഴിയും.

4) *ഇന്ത്യൻ സമൂഹത്തിന്റെ സമഗ്രമായ ഒരു ചിത്രം നൽകുന്നതിന്:*

ഇന്ത്യൻ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ് ജാതി, സാമൂഹിക ബന്ധങ്ങളെയും സാമ്പത്തിക അവസരങ്ങളെയും രാഷ്ട്രീയ ചലനാത്മകതയെയും അത് സ്വാധീനിക്കുന്നു.

ഇന്ത്യൻ സമൂഹത്തിന്റെ വൈവിധ്യത്തിന്റെ സമഗ്രമായ ചിത്രം നൽകാൻ ഒരു ജാതി സെൻസസിന് കഴിയും, അത് സാമൂഹിക ഘടനയിലേക്കും വ്യത്യസ്ത ജാതി വിഭാഗങ്ങൾ തമ്മിലുള്ള ഇടപെടലിലേക്കും വെളിച്ചം വീശുന്നു.

സാമൂഹിക ചലനാത്മകതയെക്കുറിച്ച് നന്നായി മനസ്സിലാക്കാൻ ഈ ഡാറ്റ സഹായിച്ചേക്കാം.

5) *ഭരണഘടനാപരമായ ഉത്തരവ്*

നമ്മുടെ ഭരണഘടനയും ജാതി സെൻസസ് നടത്തുന്നതിന് അനുകൂലമാണ്.സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ അവസ്ഥകൾ അന്വേഷിക്കുന്നതിനും സർക്കാറുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ശുപാർശകൾ നൽകുന്നതിനും ഒരു കമ്മീഷനെ നിയമിക്കണമെന്ന് ആർട്ടിക്കിൾ 340 അനുശാസിക്കുന്നു.

**സംഘപരിവാരവും ജാതി സെൻസസും**

പാർലമെന്ററി ജനാധിപത്യത്തിന്റ ചമയങ്ങൾ വലിച്ചെറിഞ്ഞ ഒരു ഭീകരഭരണക്രമാണ് ഫാസിസം എന്ന് സാമൂഹ്യ ശാസ്ത്രജ്ഞർ വിലയിരുത്തുന്നുണ്ട്. അണികൾ നിരാശരാകുമ്പോൾ മുഖ്യവിഷയങ്ങളിൽ നിന്ന് ശ്രദ്ധ മറ്റൊന്നിലേക്ക് തിരിച്ചുവിടുകയെന്നത് ഈ പ്രസ്ഥാനങ്ങളുടെ ഒരു പതിവ് ശൈലിയാണ്

എന്ന നിരീക്ഷണം അന്വർഥമാക്കുന്നതാണ് ജാതി സെൻസസിന് വേണ്ടിയുള്ള ബിജെപി സർക്കാറിന്റെ പ്രഖ്യാപനം.

പെഹൽഗാമിൽ ഭീകരർക്ക് വാതായനങ്ങൾ മലർക്കെ തുറന്നുകൊണ്ടുള്ള സുരക്ഷാ വീഴ്ചയും മതിയായ തോതിൽ സുരക്ഷാഭടൻമാരെ റിക്രൂട്ട് ചെയ്യാതെയുള്ള സർക്കാറിന്റെ നിസ്സംഗതയും രാജ്യത്ത് ചർച്ചയായ വേളയിൽ തന്നെ സമൂഹം ആവശ്യപ്പെട്ട സെൻസസിന് തങ്ങൾ തയ്യാറാണെന്ന് വിളിച്ച് പറയുമ്പോൾ ആർക്കാണതിൽ സംശയമില്ലാതിരിക്കുക. പെഹൽഗാം ഭീകരാക്രമണ സംബന്ധമായി വിളിച്ച് ചേർത്ത വാർത്താ സമ്മേളനത്തിൽ എല്ലാം കഴിഞ്ഞെന്ന് ഉറപ്പിച്ച് ഇറങ്ങാനിരിക്കുന്ന സമയത്ത് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് തന്റെ പാന്റിന്റെ പോക്കറ്റിൽനിന്ന് കടലാസ് തുണ്ടമെടുത്ത് പത്രക്കാരോട് വായിച്ച് കേൾപിച്ചതിൽ ഒരു തിരക്കഥയുണ്ടെന്ന് സംശയിച്ചാൽ കുറ്റം പറയാനാവില്ല. ഒരുപക്ഷേ, സർക്കാറിന്റെ ഭീകരമായ വീഴ്ചയെ ചൂണ്ടിക്കാട്ടിയുള്ള പത്രപ്രവർത്തകരുടെ ചോദ്യങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന നിരീക്ഷണം അടവ് നയത്തിലേക്ക് സർക്കാറിനെ പ്രേരിപ്പിച്ചതാകാം. സംഘപരിവാര രാഷ്ട്രീയം എന്നും ജാതി സെൻസസിനെതിരായിരുന്നു. ഹിന്ദുമതത്തിലെ തൊഴിൽ അടിസ്ഥാനമാക്കിയുള്ള ജാതിവ്യവസ്ഥക്കും മേലാള-കീഴാള സങ്കൽപങ്ങൾക്കും ന്യായീകരണം കണ്ടെത്താറുള്ള മനുസ്മൃതിയുടെ കർത്താവായ മനുവിനോടുള്ള ആരാധന മറച്ചുവെക്കാതെ മനുവിന്റെ നിയമങ്ങൾ ലോകത്തിലുള്ള ഇന്ത്യയുടെ മഹത്തായ സംഭാവനയാണ് എന്ന് ഉദ്ഘോഷിക്കുന്ന എംഎസ് ഗോൾവാൾക്കറിന്റെ പ്രത്യയശാസ്ത്ര വാക്താക്കൾ ജാതി സെൻസസിനെ പിന്തുണക്കുമെന്നത് വിശ്വസിക്കാനാവാത്തതാണ്.

മഹാത്മാഗാന്ധി നിസ്സഹകരണ സമരം പ്രഖ്യാപിച്ചപ്പോൾ ദേശീയതയുടെ ആവേശം കെടുത്തുന്നതും ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കും ഇടയിലും ബ്രാഹ്മണർക്കും അബ്രാഹ്മണർക്കും ഇടയിലും സംഘർഷം വളർത്തുന്ന നടപടിയായാണ് ആർഎസ്എസിന്റെ സ്ഥാപക നേതാക്കൾ അതിനെ കണ്ടത്. ഈ പശ്ചാത്തലത്തിലാണ് 1925ൽ ഹെഡ്ഗേവാർ ഏതാനും ആഢ്യബ്രാഹ്മണരുമായി ചേർന്ന് ആർഎസ്എസ് എന്ന സംഘടന രൂപീകരിച്ചത്. കായിക പരിശീലനത്തിന് മുഖ്യമായും ഈ സംഘടന പ്രാധാന്യം നൽകാനുള്ള കാരണം കീഴ്ജാതിക്കാരെ ഇനിയും വിശ്വാസത്തിലെടുക്കാനാവില്ല എന്ന തിരിച്ചറിവായിരുന്നു.

ബ്രാഹ്മണർ, പരമ്പരാഗത വ്യാപാരി വർഗമായ ബനിയമാർ തുടങ്ങിയ സവർണ വിഭാഗങ്ങളുടെ പ്രശ്നങ്ങളിലാണ് ആർഎസ്എസ് കൂടുതൽ താല്പര്യം കാണിച്ചിരുന്നത്. ഈ വിഭാഗങ്ങൾ തന്നെയാണ് എല്ലാ കാലത്തും സംഘപരിവാറിന്റെ കരുത്തും. ഗുജറാത്തിൽ ജാതി ബന്ധങ്ങളിൽ അടുത്തകാലത്ത് ഉണ്ടായ മാറ്റം ശ്രദ്ധിച്ചാൽ തന്നെ സവർണരുടെ ക്ഷേമവും അധികാരവുമാണ് ഇവർ ലക്ഷ്യമാക്കുന്നത് എന്ന് മനസ്സിലാകും. പാരമ്പര്യമായി നാണ്യവിളകൾ കൃഷി ചെയ്യുന്ന പട്ടിദാർ വിഭാഗത്തെ അവർണർക്കൊപ്പമാണ് ഇക്കാലമത്രയും പരിഗണിച്ചിരുന്നത്. ഇന്നിപ്പോൾ ആ സമുദായം ബ്രാഹ്മണർ, ബനിയമാർ തുടങ്ങിയ സവർണർക്ക് സമാനമായി ഉയർന്നിരിക്കുന്നു. അവർണ വിഭാഗങ്ങൾക്ക് പ്രത്യേക സംവരണം ഏർപ്പെടുത്താനുള്ള നീക്കമുണ്ടായപ്പോൾ 1980കളിൽ ഇവരുടെ ഐക്യം പ്രകടമായി. സംവരണ നീക്കത്തിനെതിരെ ബ്രാഹ്മണർക്കും ബനിയകൾക്കും ഒപ്പം പട്ടിദാർമാരും അണിനിരക്കുന്ന കാഴ്ചയാണ് അന്ന് കണ്ടത്. സവർണ വിഭാഗങ്ങൾ കീഴാള സമുദായങ്ങൾക്കെതിരെ വ്യാപകമായ ആക്രമണങ്ങൾ അഴിച്ചുവിട്ട കാലം കൂടിയായിരുന്നു അത്. അതിനാൽ സംഘപരിവാരങ്ങളുടെ ജാതി സെൻസസിന് പ്രത്യേക മാനങ്ങളുണ്ടെന്നർഥം.

**സെൻസസിന്റെ രാഷ്ട്രീയം**

1865ൽ ഇന്ത്യയുടെ വടക്ക്-പടിഞ്ഞാറൻ പ്രോവിൻസുകളിൽ ബ്രിട്ടീഷുകാർ നടത്തിയ കണക്കു ശേഖരമാണ്

ആദ്യത്തെ സെൻസസ്. 1872 ആകുമ്പോഴേക്കും ബംഗാൾ പ്രൊവിൻസ് ഒഴികെ മറ്റെല്ലാ ഏരിയകളിലെയും സെൻസസ് അവർ പൂർത്തീകരിച്ചിരുന്നു. അതിനുശേഷം 1881ലെ സെൻസെസ് മുതൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നുവരെ ഓരോ പത്തുവർഷവും ബ്രിട്ടീഷുകാർ കൃത്യമായ ഇടവേളകളിൽ സെൻസസ് നടത്തിയിരുന്നു. അതിൽ 1941ലെ സെൻസസിൽ മാത്രമാണ് രണ്ടാം ലോകമഹായുദ്ധം കാരണം പൂർണമായ വിവരങ്ങൾ പുറത്തുവരാതെ പോയത്. തങ്ങളുടെ അധീനതയിലുള്ള കോളനികളെ കുറിച്ചും അവിടെയുള്ള ജനങ്ങളെക്കുറിച്ചും വിശദമായി അറിയാനുള്ള ത്വരയിൽനിന്നാണ് ബ്രിട്ടീഷുകാർ ഇന്ത്യ ഉൾപ്പെടെയുള്ള ആഫ്രോ-ഏഷ്യൻ രാജ്യങ്ങളിൽ സെൻസസ് നടപ്പിലാക്കിയത്. തുടക്കം മുതൽ തന്നെ വംശം, മതം, ജാതി തുടങ്ങിയ വിവരങ്ങൾ അവർ ബ്രിട്ടനിൽനിന്ന് വിഭിന്നമായി ഇവിടെ ശേഖരിക്കുകയുണ്ടായി. ഇത്തരം വിവരങ്ങൾ യൂറോപ്പ്യൻ സെൻസസിൽനിന്ന് ബോധപൂർവം ഒഴിവാക്കിയ സംഗതികളാണ്. എന്നാൽ സംസ്കാര ശൂന്യരായ ഒരു പ്രാചീന സമൂഹമാണ് ഇന്ത്യക്കാർ എന്ന യൂറോപ്യൻ കൊളോണിയൽ ബോധത്തിൽ അധിഷ്ഠിതമായ ബ്രിട്ടീഷുകാരുടെ കാഴ്ചപ്പാടാണ് ഇത്തരമൊരു വിവരശേഖരണം നടത്താൻ അവരെ പ്രേരിപ്പിച്ചത്. അന്നുമുതൽ ഈ കണക്കെടുപ്പിന് പിന്നിലെ ലക്ഷ്യങ്ങളെക്കുറിച്ച് ആളുകൾക്ക് സംശയമുണ്ടായിരുന്നു.

പുതിയ നികുതികൾ ഈടാക്കുക, പട്ടാളത്തിലേക്ക് റിക്രൂട്ട് ചെയ്യുക, ഫാക്ടറികളിലേക്ക് കൊണ്ടുപോവുക, ക്രിസ്ത്യാനിയായി മതം മാറ്റുക തുടങ്ങി വിവിധ സംശയങ്ങൾ നിലനിന്നിരുന്നതിനാൽ ആളുകൾ വിവരം നൽകാൻ മടിച്ചിരുന്നു. പ്രധാനമായും മൂന്ന് ലക്ഷ്യങ്ങളായിരുന്നു കൊളോണിയൽ സെൻസസിനുണ്ടായിരുന്നത്. ഒന്ന്, ഇന്ത്യയിലെ മത-ജാതി വിഭാഗങ്ങളെ തിരിച്ചറിയുകവഴി ആധിപത്യം ഊട്ടിയുറപ്പിക്കുക. രണ്ട്, സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വിഭവങ്ങളെക്കുറിച്ച് കൃത്യമായ വിവരം ലഭ്യമാക്കുക. മൂന്ന്, എണ്ണത്തിൽ കുറവാണെങ്കിലും ക്രിസ്ത്യൻ സമുദായത്തിന് നല്ല വിസിബിലിറ്റി നൽകുക.

ഇതിനായി പ്രത്യേകം കോളം അനുവദിക്കുകയും സെൻസസ് റിപ്പോർട്ടുകളിൽ മറ്റു ന്യൂനപക്ഷങ്ങളെ കുറിച്ച് പറയുന്നതിലേറെ വിവരങ്ങൾ അവരെക്കുറിച്ച് ലഭ്യമാക്കുകയും ചെയ്തിരുന്നു. മതം, ജാതി, ഗോത്രം തുടങ്ങി നാനാജാതി സമുദായങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നുവെങ്കിലും അവയെല്ലാം അവ്യക്തമായ സമൂഹങ്ങളായിട്ടാണ് നിലനിന്നിരുന്നത്. സെൻസസിൽ കൂടിയാണ് ആദ്യമായി അവർ വ്യതിരിക്തവും പരസ്പര വിരുദ്ധമായ സമൂഹങ്ങളുമായി യഥാർഥത്തിൽ മാറിയത്. ബ്രിട്ടീഷുകാർ മതം തിരിച്ചുള്ള സെൻസസ് വിവരങ്ങൾ പുറത്തുവിട്ടതോടെ ഓരോ സമുദായവും അവരുടെ ഭൂമിശാസ്ത്ര വിന്യാസത്തെക്കുറിച്ചും ജനസംഖ്യാപരമായ വലിപ്പത്തെക്കുറിച്ചും പെട്ടെന്ന് ബോധവാന്മാരായി. അക്കങ്ങളെ ഒരു രാഷ്ട്രീയ ആയുധമാക്കി മാറ്റുകയായിരുന്നു ബ്രിട്ടീഷുകാർ ഇതിലൂടെ സമർത്ഥമായി ചെയ്തത്. അതുവഴി ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള മതസ്പർദ്ദക്കും സെൻസസ് കാരണമായി. സമർഥമായി ഒരു ജനതയെ ഭിന്നിപ്പിക്കുകയും അതിലൂടെ അധികാരം നിലനിറുത്തുകയും ചെയ്തു. പല കാര്യങ്ങളിലും ബ്രിട്ടീഷ് അനുകൂല നിലപാട് സ്വീകരിച്ച സംഘപരിവാരങ്ങൾ പെട്ടെന്ന് ജാതി സെൻസസിലേക്ക് തിരിയാനുള്ള കാരണം സമുദായത്തെയോ സമൂഹത്തേയോ ലക്ഷ്യമാക്കിയതാകാം. പ്രതിപക്ഷ പാർട്ടികളും രാജ്യത്തെ മതേതര ചേരിയിലുള്ളവരും ഒരേ ശബ്ദത്തോടെ ആവശ്യപ്പെട്ട ജാതി സെൻസസ് അംഗീകരിക്കുക വഴി അക്രമ രാഷ്ട്രീയത്തിന് അവസരമൊരുക്കലാകുമെന്ന് നിരീക്ഷിക്കുന്നതും ശരിയല്ലെന്ന് പറയാൻ നിർവാഹമില്ല.

1941ൽ ജപ്പാൻ അമേരിക്കയുടെ പേൾ ഹാർബറിൽ നടത്തിയ മിന്നൽ ആക്രമണം രാജ്യത്ത് അധിനിവേശത്തിന്റെ ഭീതി പരത്തി. കാലിഫോർണിയയിലെ സൈനിക വൃത്തങ്ങൾ ഉടൻതന്നെ സെൻസസ് ഡിപ്പാർട്ട്മെന്റിനോട് അമേരിക്കയിലെ ജപ്പാൻ വംശജരുടെ വിവരങ്ങൾ ആവശ്യപ്പെടുകയാണ്. ജപ്പാൻ വംശജരുടെ കൃത്യമായ ജനസംഖ്യ സൈന്യം ശേഖരിച്ചു. തുടർന്ന് ഈ ജപ്പാൻ വംശജരെ കോൺസെൻട്രേഷൻ ക്യാമ്പിൽ അയക്കാൻ പ്രസിഡണ്ട് ഫ്രാങ്ക്ലിൻ റൂസ് വെൽറ്റ് 1942ൽ ഉത്തരവ് പുറപ്പെടുവിച്ചു. യുദ്ധകാല കോൺസെൻട്രേഷൻ ക്യാമ്പുകളിലാണ് അവർ അടക്കപ്പെട്ടത്.

ഇങ്ങനെ സെൻസസിന്റെ രാഷ്ട്രീയത്തിൽ പ്രതീക്ഷയും ആശങ്കയുമുണ്ടെന്ന് ചരിത്രം വിളിച്ചോതുന്നു. ■

നസീമ വാടാനപ്പള്ളി



# തൂലികയോട്!

തൂലികേ,
നീ അക്ഷരങ്ങൾകൊണ്ട്
എന്നുമെന്നും വിസ്മയം തീർക്കുന്നു.
നിന്നിലൂടെ എത്രയെത്ര
വിജ്ഞാന സാഗരങ്ങളൊഴുകി!
എത്രയെത്ര മഹാന്മാരുടെ ചിന്തകൾ
നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും
നീ കാരണത്താൽ
ലോകത്ത് നിലനിൽക്കുന്നു!
ഹിറയിൽവച്ച് ലോകഗുരുവിന്
ആദ്യമായി ലഭിച്ച ദിവ്യവചനങ്ങളിൽ
നിന്റെ പേര് പരാമർശിക്കപ്പെട്ടു!
തൂലികേ,
നീയൊരു ആയുധമാണ്;
അനീതിക്കും അക്രമത്തിനുമെതിരെ
പൊരുതാനുള്ള ആയുധം.
തൂലികകൊണ്ട് എഴുതാൻ
പഠിപ്പിച്ചത് പ്രപഞ്ച സ്രഷ്ടാവ്.
തൂലികേ,
നീ പരിവർത്തനത്തിന്റെ ഉപകരണമാണ്.
രാജ്യത്തും മനസ്സുകളിലും
പരിവർത്തനത്തിനു തിരികൊളുത്താൻ
നിന്നിലൂടെ കഴിയും,
തൂലികേ,
നിനക്ക് കഠാരയെക്കാൾ മൂർച്ചയുണ്ട്.
രണ്ടും സൂക്ഷിച്ച് കൈകാര്യം ചെയ്യണം,
അല്ലെങ്കിൽ അപകടമാണ്.
നിന്റെ മുനകൊണ്ട്
കണ്ണ് കുത്തിപ്പൊട്ടിക്കാം
അങ്ങനെ ചെയ്യരുതെന്ന്
എഴുതുകയും ചെയ്യാം!
തൂലികേ, നീ
നന്മയുടെ പ്രതീകമാവുക,
പ്രത്യാശയുടെ ജ്വാലയാകുക,
ധാർമികതയുടെ പടവാളാകുക.
നീ....
വിഷം പുരണ്ട അമ്പാകരുത്,
വെറുപ്പിന്റെ ദുർഗന്ധമാകരുത്,
വർഗീയതയുടെ കരിമ്പുകയാകരുത്.

റോഷൻ പുനലൂർ
: 8590613225



# ലിബറൽ കാപട്യവും ഇസ്‌ലാമിക പരിഹാരവും

മനുഷ്യാവകാശത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും അകമ്പടിയോടെയാണ് സ്വതന്ത്ര ലൈംഗികത, അബോഷൻ, LGBTQIA+, ആത്മഹത്യ തുടങ്ങിയ ലക്കും ലഗാനുമില്ലാത്ത പുരോഗമന ചിന്തകൾ സമൂഹത്തിലേക്ക് ആനയിക്കപ്പെടുന്നത്. അതിനാൽ തന്നെ ഇവർക്കെല്ലാം ഏറിവരുന്ന സ്വീകാര്യതയിലോ എതിരഭിപ്രായം പറയുന്നവരെ പ്രാകൃതരും മാനവിക വിരുദ്ധരുമായി ചാപ്പയടിക്കപ്പെടുന്നതിലോ അതിശയപ്പെടാനൊന്നുമില്ല. യഥാർത്ഥത്തിൽ വ്യക്തി സ്വാതന്ത്ര്യം, മനുഷ്യാവകാശം തുടങ്ങിയവ ഏതെങ്കിലും ഒരു ലോകക്രമത്തിനകത്ത് അന്തർലീനമായി മറ്റു പല ആശയങ്ങളും ഉണ്ടാകുമ്പോൾ മാത്രം അർത്ഥവത്താക്കുന്ന പൊള്ളയായ പദങ്ങളാണ്. മനുഷ്യാവകാശം എന്നുപറഞ്ഞാൽ സന്തോഷത്തോടെ സുരക്ഷിതമായി, ഭയരഹിതരായി ജീവിക്കാനുള്ള മാനുഷിക താല്പര്യ സംരക്ഷണമാണ്. അല്ലാതെ മനുഷ്യർക്ക് ഇഷ്ടമുള്ളതൊക്കെ ചെയ്യാനുള്ള അവകാശമാണെന്ന് തെറ്റിദ്ധരിച്ച് ദേഹേച്ഛകൾക്ക് അടിമപ്പെട്ട്

'MY BODY MY CHOICE' എന്ന വിഡ്ഢിത്തവും പറഞ്ഞുകൊണ്ട് തനിക്ക് തോന്നിയത് എന്തും ചെയ്യാമെന്ന് കരുതിയാൽ പിന്നെ പുറം ലോകം കാണില്ല.

മനുഷ്യരുടെ താല്പര്യമെന്താണെന്ന് പററയണമെങ്കിൽ മനുഷ്യനെന്താണെന്ന് നിർവചിക്കണം. അതിനൊരു സത്തമീമാംസയും (Ontology) ജ്ഞാനശാസ്ത്രവും (Epistemology) വേണം. നിർഭാഗ്യവശാൽ ഇതൊന്നും പുരോഗമന ആശയ സംവേദന രീതികളായ ട്രോളുകളുടേയോ, മീമുകളുടേയോ, റീലുകളുടെയോ ചർച്ചാ വിഷങ്ങളുമല്ല. ശാസ്ത്രമാത്രവാദമാണ് പുരോഗമന ലോകക്രമത്തിന്റെ ജ്ഞാന സമ്പാദന രീതി. മനുഷ്യൻ കുറേ കാർബണും പ്രോട്ടീനുമടങ്ങിയ മാംസയന്ത്രം മാത്രമാണെന്നാണ് പറയുന്നത്. മനുഷ്യന്റെ ആത്മീയ മാനം നിലവിലെ ശാസ്ത്രീയ രീതിയുടെ പരിധിയിലില്ല. ആത്മാവില്ല, ദൈവമില്ല. കുറച്ച് കാലം ജീവിക്കും പിന്നെ മരിക്കും. അത്രയും കാലം ഐഹികനേട്ടങ്ങളിലൂടെയും ദേഹേച്ഛകളെ തൃപ്തിപ്പെടുത്തിയും ശാസ്ത്രസാങ്കേതിക വിദ്യകളിലൂടെ ജീവിതം എളുപ്പമാക്കിയും വിനോദങ്ങളിലൂടെയും പരമാവധി സന്തോഷമായിരിക്കുക എന്നതാണത്രെ മനുഷ്യന്റെ താല്പര്യം. അതിനായി എന്തും ചെയ്യാം. പ്രത്യക്ഷത്തിൽ മറ്റുള്ളവരെ ഉപദ്രവിക്കുന്നതായിരിക്കരുത് എന്നത് മാത്രമാണ് നിബന്ധന. ഇത് വരെ കഴിഞ്ഞു പോയ മനുഷ്യരെയെടുത്താലോ ഇന്ന് ജീവിച്ചിരിക്കുന്നവരെയെടുത്താലോ ഒരു ചെറു ന്യൂനപക്ഷം മാത്രമായിരിക്കും ആശയപരമായി ഇതിനോട് യോജിപ്പുള്ളവരുണ്ടാകുക. എന്നിട്ടും ഇതൊക്കെ എങ്ങനെ ആധുനിക ലോകക്രമത്തിന്റെ മാനദണ്ഡമായി എന്ന് ചോദിച്ചാൽ ഈ ആശയങ്ങളൊന്നും തന്നെ ഉപരിതലത്തിൽ കാണില്ല, അവിടെ മനുഷ്യവകാശത്തിന്റെയും മാനവികതയുടെയും പുരോഗമനത്തിൻെറയും വൈകാരിക കാപട്യങ്ങൾ മാത്രമേ കാണൂ എന്നതാണ്.

എന്താണ് പ്രശ്നമെന്ന് പോലും തിരിച്ചറിയാൻ കഴിയാത്ത വിധം പുരോഗമന ലോകത്തെ മായാവലയത്തിലാണ് മനുഷ്യൻ. ഈയിടെ സ്ത്രീധന പീഡനത്താൽ കൊല ചെയ്യപ്പെട്ട പെൺകുട്ടികളെകുറിച്ച് കേട്ടയുടനെ സ്ത്രീധനമെന്ന അനീതിക്കെതിരെ പേനയുന്തി നമ്മൾ. സ്ത്രീധനമാണ് പ്രശ്നമെന്നത് ഭാഗികമായ ശരി മാത്രമാണ്. അന്തസ്സുള്ള സർക്കാർ ജോലിയും സുന്ദരിയായ ഭാര്യയും നൂറ് പവനും ഒരേക്കറും കാറും കിട്ടിയിട്ടും അയാൾ സന്തുഷ്ടനോ സംതൃപ്തനോ ആയിരുന്നില്ല എന്ന യഥാർത്ഥ പ്രശ്നം നമുക്ക് കാണാൻ കഴിയുന്നില്ല. ഇതിൽ ഏതെങ്കിലും ഒന്നിന്റെ അല്പമെങ്കിലും കിട്ടിയാൽ ജീവിതം തന്നെ പച്ച പിടിക്കുമെന്ന് കരുതുന്ന ലക്ഷക്കണക്കിന് മനുഷ്യർ മറുവശത്തുണ്ട്. യഥാർത്ഥത്തിലിത് ചെറുപ്പം തൊട്ടേ നമ്മുടെയുള്ളിലുള്ള ഒരു മനോഭാവമാണ്. കൂട്ടുകാരുടെ കയ്യിൽ എന്തെങ്കിലും കളിപ്പാട്ടം കണ്ടാൽ പിന്നെ അത് സ്വന്തമാക്കാതെ ഒരു സ്വസ്ഥതയുണ്ടാവില്ല. സ്വന്തമാക്കിയാൽ അതിനോടുള്ള ഭ്രമം ഒരാഴ്ചയിൽ കൂടുതൽ നിലനിൽക്കുകയുമില്ല. ഉടനെ അടുത്തത് തേടിപ്പോകും. ഈയൊരു ദൗർബല്യത്തെ പ്രലോഭിപ്പിച്ച് പരിപോഷിപ്പിച്ച് അടിമകളാക്കുക എന്നതാണ് സെക്യൂലർ ലിബറൽ ഫെമിനിസ്റ്റ് കൺസ്യൂമറി ക്യാപിറ്റലിസ്റ്റ് പുരോഗമന ലോകക്രമത്തിന്റെ ആന്തരിക തത്വം.

ബ്രാൻഡുകളിലൂടെയും ഉടയാടകൾ കൊണ്ടും മേനിയഴക് കൊണ്ടുമാണ് പുരോഗമന മനുഷ്യർ സ്വത്വത്തെ അടയാളപ്പെടുത്തുന്നത്. നമുക്ക് അത്യാവശ്യമുള്ള സാധനങ്ങളല്ല, സന്തോഷം നൽകുന്നവയാണ് വാങ്ങിച്ച് കൂട്ടുന്നത്. മനുഷ്യന് സന്തോഷത്തിനും ആനന്ദത്തിനും വിനോദത്തിനുമുള്ള എല്ലാം പുരോഗമന ലോകത്ത് യഥേഷ്ടം ലഭ്യമാണ്. പക്ഷേ സന്തോഷം തേടിയുള്ള ഓട്ടം മാത്രം എവിടെയും എത്തുന്നില്ല. അതിങ്ങനെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക്, മരീചിക തേടി ഓടിക്കൊണ്ടിരിക്കുയാണ്. നിലവിലുള്ളതിലൊന്നും സംതൃപ്തമാകാതാകുമ്പോൾ എല്ലാറ്റിലും വൈവിധ്യം തേടും മനുഷ്യർ, ലൈംഗികതയിലും. ഒരു ദിവസം വെറും നാന്നൂറ് രൂപക്ക് താഴെ മാത്രം ജീവിക്കുന്ന ലോകജനസംഘ്യയുടെ പകുതിയോളം വരുന്ന മനുഷ്യർ ഈ പുരോഗമന ലോകക്രമത്തിന്റെ ഭൂപടത്തിലേ ഇല്ല എന്നത് വേറെ കാര്യം. ബാക്കിയുള്ളവരുടെ കാര്യമാണിത്. കുടുംബബന്ധ കെട്ടുപാടുകളിൽ നിന്ന് മോചിതരായി സ്വാതന്ത്ര്യം തേടിപ്പോയി ചതിയിലകപ്പെട്ടവർക്കോ, ലിംഗ മാറ്റ ശാസ്ത്രക്രിയ നടത്തി പശ്ചാത്താപിക്കുന്നവർക്കോ ഇതൊന്നും പുരോഗമന ലോകക്രമത്തിന്റെ പ്രശ്നമായി ഒരിക്കലും തോന്നില്ല എന്നതാണ് വസ്തുത. എല്ലാം വ്യക്തി സ്വാതന്ത്രത്തിന്റെയും അവകാശത്തിന്റെയും സ്വയം തിരഞ്ഞെടുപ്പുകളാണെന്ന മിഥ്യാബോധത്തിലാണ്. അതിനാൽ പിഴവുകളെ

> മനുഷ്യന് സന്തോഷത്തിനും ആനന്ദത്തിനും വിനോദത്തിനുമുള്ള എല്ലാം പുരോഗമന ലോകത്ത് യഥേഷ്ടം ലഭ്യമാണ്. പക്ഷേ സന്തോഷം തേടിയുള്ള ഓട്ടം മാത്രം എവിടെയും എത്തുന്നില്ല. അതിങ്ങനെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക്, മരീചിക തേടി ഓടിക്കൊണ്ടിരിക്കുയാണ്. നിലവിലുള്ളതിലൊന്നും സംതൃപ്തമാകാതാകുമ്പോൾ എല്ലാറ്റിലും വൈവിധ്യം തേടും മനുഷ്യർ, ലൈംഗികതയിലും.

ല്ലാം വ്യക്തിനിഷ്ഠമായിരിക്കും. അവരപ്പോഴും പ്രതിസ്ഥനത്ത് കാണുന്ന തങ്ങളെയും സമൂഹത്തെയും സമ്പ്രദായങ്ങളേയുമായിരിക്കും. വിഷാദരോഗവും ഉത്കണ്ഠയും ഉറക്കമില്ലായ്മയും പെരുകുന്നു. സന്തോഷ സൂചികയിൽ മുന്നിലുള്ള രാജ്യങ്ങളിൽ ആത്മഹത്യ നിരക്കും കൂടുതലാണ്. സോഷ്യൽ മീഡിയയിൽ ലൈകും ഫോളോവെഴ്സസും കുറഞ്ഞത് മൂലമുണ്ടാകുന്ന വിഷാദമോ, അക്കൗണ്ട് നഷ്ടപ്പെടുമ്പോൾ ആത്മഹത്യ ചെയ്യുന്നതോ, ശ്രദ്ധ പിടിച്ചു പറ്റാനായി കാട്ടികൂട്ടുന്ന കോപ്രായങ്ങൾക്കിടയിൽ ജീവൻ നഷ്ടപ്പെടുന്നതോ, ഗെയിമുകൾക്കും പോണിനും മയക്കുമരുന്നിനും അടിമയായിട്ട് ജീവിതം ഹോമിക്കുന്നതിലോ പുരോഗമന, മതരഹിത, ലിബറൽ, മുതലാളിത്ത ഉപഭോഗപരതയുടെ പങ്ക് നമുക്ക് കാണാൻ കഴിയുന്നില്ല. എല്ലാം വ്യക്തിപരമായ പിഴവുകൾ മാത്രമാണ്. ഇതിന്റെയെല്ലാം ദുരന്തഫലങ്ങളെക്കുറിച്ച് നിരവധി ഗവേഷണ പഠനങ്ങൾ പുറത്ത് വന്നിട്ടുണ്ട്. പക്ഷേ ചിലരുടെ ശാസ്ത്രമാത്ര വാദം ചില സമയത്ത് ശാസ്ത്രത്തിൽ നിന്ന് തോന്നിയത് മാത്രം എടുക്കൽ വാദമായി പരിണമിക്കും.

ഹോളിവുഡ് നടൻ ജിം കാരിയുടെ പ്രശസ്തമായൊരു വാക്യമുണ്ട് “എല്ലാവരും സമ്പന്നരും പ്രശസ്തരുമാവുകയും അവർ ആഗ്രഹിച്ചതും സ്വപ്നം കണ്ടതുമായ എല്ലാ കാര്യങ്ങളും ചെയ്യാൻ കഴിയുകയും വേണം, എങ്കിലവർക്ക് ബോധ്യപ്പെടും അതല്ല ഉത്തരമെന്ന്” പിന്നെന്താണ് ഉത്തരം? ആളിപ്പോൾ ധ്യാനത്തിന്റെയും അത്മീയതയിടെയും വഴിയിലാണെന്നാണ് അറിഞ്ഞത്. വളരെ കുറച്ചു പേർക്ക് മാത്രമാണ് പ്രശ്നമെന്താണെന്ന് തിരിച്ചറിയാൻ കഴിയുന്നത്. അതിൽ നിന്ന് കുറച്ചു പേർക്ക് മാത്രമാണ് യഥാർത്ഥ പരിഹാരത്തിലെത്താൻ കഴിയുന്നത്. ബാക്കിയുള്ളവർ സന്തോഷത്തിന്റെ മരീചിക തേടിയുള്ള ഓട്ടത്തിനിടക്ക് എരിഞ്ഞടങ്ങുന്നു.

പ്രശ്നമെന്താണെന്ന് തിരിച്ചറിയാതെ പരിഹാരം കണ്ടെത്താൻ കഴിയില്ല. ഒന്നുമില്ലായ്മ യാദൃശ്ചികമായി ഉണ്മയായെന്നും, അചേതന വസ്തു യാദൃശ്ചികമായി ജീവനായെന്നും, ബോധവും യുക്തിയുമില്ലാത്ത ഭൗതിക പദാർത്ഥങ്ങളുടെ യാദൃശ്ചിക പ്രവർത്തനങ്ങളിൽ നിന്ന് ബോധവും യുക്തിയുമുണ്ടായെന്നൊക്കെ വെറുതെ സങ്കല്പിച്ചാൽ പോലും ദൈവമില്ലെങ്കിൽ മനുഷ്യനുണ്ടാകുമായിരുന്നില്ല, മനുഷ്യരൂപമുള്ളൊരു മൃഗമേ ഉണ്ടാകുമായിരുന്നൊള്ളൂ. മനുഷ്യനൊരു മൃഗം മാത്രമായിരുന്നെങ്കിൽ അതിജീവനത്തിലും പ്രത്യുല്പാദനത്തിലും സന്തുഷ്ടനാകുമായിരുന്നു. മനുഷ്യരിലെ ധാർമിക ചിന്തകളും, അപരന് വേണ്ടി ജീവത്യാഗം ചെയ്യുന്നതും, ആഗ്രഹങ്ങൾ വെടിയുന്നതും, സൗന്ദര്യബോധവും കലയും സാഹിത്യവും സംഗീതവും അതിജീവനത്തിന്റെ ഭാഗമായി നേടിയ പരിണാമ സിദ്ധികളാകാൻ തരമില്ല. പ്രാഥമികമായി മനുഷ്യൻ തന്നെക്കാൾ മഹത്തായ എന്തിനെയോ തേടുന്ന ഒരു അദ്ധ്യാത്മിക ജീവിയാണ്. ദിവ്യമായൊരു സർഗക്രിയയിൽ നിന്ന് മാത്രം ഉത്ഭവിക്കാവുന്ന ഒരു അഭൗതിക മാനം മനുഷ്യരിലുണ്ട്. നാസ്തിക സർക്കാസ ഭാഷയിൽ, ദിവ്യമായ എന്തോ ഊതിക്കേറ്റിയിട്ടുണ്ട്. മനുഷ്യന്റെ ഈ ആത്മീയാംശം പിടിതരാത്തത് കൊണ്ടാണ് The Hard Problem of Consciounsess ഇത്രയും ഹാർഡാകുന്നത്, സ്വതന്ത്ര ഇച്ഛയും ആത്മനിഷ്ഠമായ അനുഭവങ്ങളും (subjective experience) സങ്കീർണ സമസ്യകളാകുന്നത്. സാം ഹാരിസ്, സൂസൻ ബ്ലാക്ക്മോർ, ജെറി ഡിവിറ്റ് തുടങ്ങിയ നാസ്തികരടക്കം മതരഹിത ആത്മീയതയും ധ്യാനവുമൊക്കെയായി രംഗ പ്രവേശം ചെയ്തു. ഇവരുടെ മതരഹിത ആത്മീയതയുടെ ചേതോവികാരം മനസ്സിലാക്കാം, ആത്മാവിനെ അംഗീകരിക്കാത്തവരുടെ അത്മീയതയുടെ യുക്തിയാണ് പിടികിട്ടാത്തത്. മനുഷ്യൻ മദ്യത്തിലും മയക്ക് മരുന്നിലും അഭയം തേടുന്നത് പോലും തന്റെ ഭൗതിക യാഥാർഥ്യത്തിൽ നിന്നുള്ള ഒരു തരം ഒളിച്ചോട്ടമാണ്, എന്നാലത് ആത്മീയ യാഥാർഥ്യത്തിലെത്തുന്നുമില്ല. മനുഷ്യന്റെ ആത്മാംശത്തെ പൂർണമായി അവഗണിച്ച് കൊണ്ടുള്ള ഭൗതിക യുക്തിയെ അടിസ്ഥാനമാക്കിയയുള്ള വ്യവസ്ഥകളാണ് പുരോഗമന ലോകക്രമത്തിന്റെ ദുരന്തം.

പുരോഗമന ലോകക്രമങ്ങളോട് വിരുദ്ധമായി നിൽക്കുകയും നിരന്തരം വിമർശന വിധേയമാക്കപ്പെടുകയും ചെയ്യുന്ന മതമാണ്

ഇസ്‌ലാം. പുരോഗമന ലോകക്രമത്തിനകത്ത് നിന്ന് കൊണ്ട് നോക്കുമ്പോൾ ഇസ്‌ലാം ഇടുങ്ങിയതും പിന്തിരിപ്പനുമായ കുറേ വിധിവിലക്കുകളായി അനുഭവപ്പെടും, സാധാരണവും സന്തോഷദായകവുമായ പലതിനെയും വിലക്കും. ഈ ലോകവീക്ഷണങ്ങൾ അടിസ്ഥാനതലത്തിൽ മനുഷ്യനെയും ജീവിതത്തെയും ലോകത്തെയും പരിഗണിക്കുന്നതിലുള്ള വൈരുദ്ധ്യമാണ് അതിൻെറ പ്രാഥമിക കാരണം. മനുഷ്യന്റെ ആത്മീയ ഭൗതിക മാനങ്ങളുടെ സന്തുലിത സമന്വയമാണ് ഇസ്‌ലാം. സ്വാഭാവികമായും മനുഷ്യന്റെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക തത്വങ്ങളും ഇസ്‌ലാമിനകത്ത് തന്നെയാണ്. ആത്മീയതിലധിഷ്ഠിതമായാണ് ഈ ഭൗതിക വ്യവഹരങ്ങളെല്ലാം ഇസ്‌ലാം കൈകാര്യം ചെയ്യുന്നത്. സകല മനുഷ്യരുടെയും വിമോചനമാണ് ഇസ്‌ലാമിക താല്പര്യം. പുരോഗമന ലോകക്രമം നിർവചിക്കുന്ന മതത്തെ പോലെ, ഒരാളുടെ വ്യക്തിപരവും ആത്മീയവും മാത്രമായി ഒതുങ്ങി നിൽക്കാതെ സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സകല മനുഷ്യ വ്യവഹാരങ്ങളിലും ആദർശം പറയുന്നു എന്നതാണ് രണ്ടാമത്തെ കലഹ കാരണം. ആത്മാംശത്തെ വികലമാക്കുന്ന അതിരു കവിഞ്ഞ ഭൗതികതയെയും അതിലേക്ക് നയിക്കുന്ന ചെറിയ കാര്യങ്ങളെപ്പോലും ഇസ്‌ലാം കർശനമായി നിയന്ത്രിക്കുന്നത് കാണാം. ഇസ്‌ലാമിക പരിപ്രേക്ഷ്യത്തിൽ മനുഷ്യശത്രുവായി കാണുന്ന ഐഹികാസക്തി, ദേഹേച്ഛകൾ, അഹംഭാവം, പ്രലോഭനം (പിശാച്) എന്നീ നാല് കാര്യങ്ങളിലാണ് പുരോഗമന ലിബറലിൽ ലോകം കെട്ടിപ്പടുത്തിരിക്കുന്നത്. ഈ പുരോഗമന ആശയങ്ങൾ ഇസ്‌ലാമിക വീക്ഷണത്തിൽ മനുഷ്യ കുലത്തെ തന്നെ മുടിക്കുന്ന കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ്. ഏത് മനുഷ്യനിർമിത പ്രശ്നങ്ങളുടെയും മൂല കാരണങ്ങൾ തേടിപ്പോയാൽ ചെന്നെത്തുക സ്വാർത്ഥത, അധികാരമോഹം, അഹന്ത, അസൂയ തുടങ്ങിയവയിലാണ്. പക്ഷേ പുരോഗമന മതരഹിത ലിബറൽ ലോകക്രമത്തിൽ ഇതിന് പരിഹാരമൊന്നുമില്ല. അവരെന്ത് പ്രശ്നത്തിന്റെ കാരണം തേടിപ്പോയാലും അത് മതത്തിലേ ചെന്ന് നിൽക്കൂ. അതവർക്ക് മനുഷ്യനെ തന്നെ മനസ്സിലാകാത്തത് കൊണ്ടാണ്.

പുരോഗമന ലോകക്രമത്തിനകത്ത് നിന്ന് കൊണ്ട് നോക്കുമ്പോൾ ഇസ്‌ലാം ഇടുങ്ങിയതും പിന്തിരിപ്പനുമായ കുറേ വിധിവിലക്കുകളായി അനുഭവപ്പെടും, സാധാരണവും സന്തോഷദായകവുമായ പലതിനെയും വിലക്കും. ഈ ലോകവീക്ഷണങ്ങൾ അടിസ്ഥാനതലത്തിൽ മനുഷ്യനെയും ജീവിതത്തെയും ലോകത്തെയും പരിഗണിക്കുന്നതിലുള്ള വൈരുദ്ധ്യമാണ് അതിൻെറ പ്രാഥമിക കാരണം. മനുഷ്യന്റെ ആത്മീയ ഭൗതിക മാനങ്ങളുടെ സന്തുലിത സമന്വയമാണ് ഇസ്‌ലാം.



ഇസ്‌ലാമിക ലോകക്രമത്തിൽ ഭൗതികത ജീവിതോപാധികൾ മാത്രമാണ്. ഭൗതിക വിജയവും അതിലൂടെയുള്ള സന്തോഷവും ജീവിത ലക്ഷ്യമാക്കുമ്പോൾ ചെറിയ പരാജയങ്ങൾ പോലും വിഷാദത്തിലേക്കും ആത്മഹത്യയിലേക്കും നയിക്കുന്നത് സ്വാഭാവികമാണ്. ഇസ്‌ലാം ഭൗതിക നിരാസമോ പരിത്യാഗമോ അല്ല. ഭൗതികതയോടുള്ള മനോഭാവത്തിലാണ് മാറ്റം. സൂഫി വര്യനായ ശൈഖ് ജീലാനിയെക്കുറിച്ച് കേട്ടൊരു കഥയുണ്ട്. ശൈഖിന്റെ സദസ്സിൽ ഒരു സംഘം ആളുകൾ വന്ന് പറഞ്ഞു : ‘ താങ്കളുടെ കച്ചവട ചരക്കുകൾ വഹിച്ചിരുന്ന കപ്പൽ കടലിൽ മുങ്ങിപ്പോയിരിക്കുന്നു’ അല്പനേരം കണ്ണടച്ചിരുന്നിട്ട് ശൈഖ്(റ) പറഞ്ഞു : “അൽഹംദുലില്ലാഹ് അല്ലാഹുവിനു സ്തുതി” അല്പം ദിവസങ്ങൾക്കു ശേഷം വീണ്ടുമൊരു സംഘം

വന്ന് പറഞ്ഞു : “ശൈഖ് അവർകളേ സന്തോഷിച്ചു കൊള്ളുക, താങ്കളുടെ ചരക്കുകൾ നഷ്ടപ്പെട്ടിട്ടില്ല” അപ്പോഴും ശൈഖ് (റ) പറഞ്ഞു: “അൽഹംദു ലില്ലാഹ്- അല്ലാഹുവിനു സ്തുതി” സദസ്സിൽ നിന്നും ഒരു ശിഷ്യൻ ചോദിച്ചു: “ചരക്കുകൾ നഷ്ടപ്പെട്ടതറിഞ്ഞപ്പോഴും കിട്ടിയപ്പോഴും നിങ്ങൾ അല്ലാഹുവിനെ സ്തുതിച്ചതെന്ത് കൊണ്ടാണ്? ശൈഖ് (റ) പറഞ്ഞു: “ചരക്കുകളെല്ലാം നഷ്ടപ്പെട്ടു എന്നറിഞ്ഞപ്പോൾ ഞാനെന്റെ ഹൃദയത്തിലേക്ക് നോക്കി അവിടെ വല്ല സങ്കടമോ നഷ്ടബോധമോ ഉണ്ടായോ, ഇല്ലെന്നറിഞ്ഞപ്പോൾ ഞാനെന്റെ നാഥനെ സ്തുതിച്ചു. ചരക്കുകൾ കിട്ടിയെന്നറിഞ്ഞപ്പോഴും ഞാൻ ഹൃദയത്തിലേക്ക് നോക്കി അവിടെ വല്ല സന്തോഷത്തിന്റെ തിരതള്ളലുണ്ടായോ, ഇല്ലെന്ന് അറിഞ്ഞപ്പോൾ ഞാൻ പറഞ്ഞു അൽഹംദു ലില്ലാഹ്.‘

നിങ്ങൾ സമ്പത്ത് നിങ്ങളുടെ കയ്യിലോ കീശയിലോ സൂക്ഷിക്കുക, ഒരിക്കലും ഹൃദയത്തിൽ സൂക്ഷിക്കുരുത്’ ഇത് കേവലം സാമ്പത്തിനോട് മാത്രമല്ല എല്ലാതരം ഭൗതികതയോടുമുള്ള ഇസ്‌ലാമിന്റെ സമീപനമാണ്. നശ്വരമായ ഭൂമിയിലെ ഭാവിയെക്കുറിച്ചുള്ള ഭയമോ ഭൂതകാലത്തെ കുറിച്ചുള്ള ഖേദമോ ഇല്ലാത്ത, കാറ്റിലും കോളിലും ആടിയുലയാത്ത കപ്പൽ പോലെ മനസ്സിനെ പാകപ്പെടുത്തുക എന്നതാണ് ഇസ്‌ലാമിക തത്വം. പ്രതിസന്ധികളിൽ ശാന്തനാകാനും, വിഷമഘട്ടങ്ങളെ ക്ഷമയോടെ നേരിടാനും, ചിരിച്ച് കൊണ്ട് മരണത്തെ പുല്കാനും മനുഷ്യനെ പ്രാപ്തനാക്കുന്ന പ്രത്യയശാസ്ത്രമാണ് ഇസ്‌ലാം. ചർച്ച ചെയ്യേണ്ടത് മനുഷ്യനെക്കുറിച്ച് തന്നെയാണ്, തിരിച്ചറിയേണ്ടത് സ്വന്തം സത്തയെതന്നെയാണ്. സ്വന്തത്തെ തിരിച്ചറിഞ്ഞവർക്ക് ദൈവത്തെയും ദൈവീക മാർഗ്ഗ നിർദേശങ്ങളുടെ മഹത്വവും തിരിച്ചറിയും.

പക്ഷേ ചർച്ചകൾക്കൊന്നും ചിലർക്ക് താല്പര്യമില്ല. അധികാരത്തിന്റെയും മീഡിയകളുടെയും സാങ്കേതിക വിദ്യകളുടെയും കയ്യൂക്കോടെ പുരോഗമനമെന്ന വ്യാജേനെ തങ്ങളുടെ ലിബറൽ മതം പ്രചരിപ്പിക്കും. എതിരഭിപ്രായം പറയുന്നവരെയൊക്കെ പ്രാകൃതരും മാനവിക വിരുദ്ധരും ഭീകരരുമാക്കി ചിത്രീകരിക്കും. ചൊൽപ്പടിക്ക് നിൽക്കാത്തവരെ ഉപരോധമേർപ്പെടുത്തി പട്ടിണിക്കിടും. കുത്തിത്തിരിപ്പുണ്ടാക്കി ആഭ്യന്തര കലഹമുണ്ടാക്കും. സായുധ ആക്രമം നടത്തി, രാജ്യം നശിപ്പിച്ച്, സ്ത്രീകളെയും കുട്ടികളെയും കൊന്നൊടുക്കി, ജീവിതം തകർത്ത് അഭയാർത്ഥികളാക്കി വിമോചിപ്പിച്ച് പുരോഗമിപ്പിക്കും. ചെയ്തികൾ ഇങ്ങനയൊക്കെ ആണെങ്കിലും അവർ അവരെ തന്നെ വിളിക്കുന്നത്, മനുഷ്യാവകാശത്തിന്റെയും മാനവികതയുടെയും അഭിപ്രായ സ്വാതന്ത്ര്യത്തിന്റെയും കാവൽ മാലാഖകളെന്നാണ്. പരിഹാരം ഒന്ന് മാത്രമേയുള്ളൂ, അത് ഇസ്‌ലാം ആണ്. ■

സത്യനിഷേധികളെക്കുറിച്ചും കപടവിശ്വാസികളെക്കുറിച്ചും അന്ധരും ബധിരരും മൂകരുമെന്ന് അല്ലാഹു ക്വുർആനിൽ വിശേഷിപ്പിച്ചിട്ടുണ്ട്. ‘അവർ ബധിരരും ഊമകളും അന്ധരുമാകുന്നു. അതിനാൽ അവർ (യാതൊന്നും) ചിന്തിച്ചു ഗ്രഹിക്കുകയില്ല’ എന്ന് അൽബക്വറ 171ാം വചനത്തിൽ സത്യനിഷേധികളെക്കുറിച്ചും ഇതേ സൂറത്തിലെ 18ാം വചനത്തിൽ ‘ബധിരരും ഊമകളും അന്ധൻമാരുമാകുന്നു അവർ. അതിനാൽ അവർ (സത്യത്തിലേക്ക്) തിരിച്ചുവരികയില്ല’ എന്ന് കപടവിശ്വാസികളെക്കുറിച്ചും പറയുന്നു.

വാസ്തവത്തിൽ അവർക്ക് കാഴ്ചയും കേൾവിയും സംസാരശേഷിയുമുണ്ട്. എന്നാൽ എത്ര തെളിവുകൾ ലഭിച്ചാലും സത്യത്തെ നിരാകരിക്കുന്ന ഒരു പ്രത്യേക പ്രവണത അവരിലുണ്ടായിരുന്നു. അതൊന്നും കാണുകയോ കേൾക്കുകയോ ചെയ്യാത്ത ഭാവത്തിൽ അവർ ജീവിച്ചു. അതുകൊണ്ടാണ് അവരെ ഇങ്ങനെ വിശേഷിപ്പിച്ചത്.

അവിശ്വാസികൾ തങ്ങളുടെ വഴികേടിൽ ഉറച്ചു നിൽക്കുന്നതിനായി പറഞ്ഞിരുന്ന ‘ന്യായം’ ഞങ്ങളുടെ പിതാക്കൾ ഏതൊരു മാർഗത്തിലാണോ ആ മാർഗത്തിലാണ് ഞങ്ങളും വിശ്വസിക്കുന്നത് എന്നായിരുന്നു. ഇന്നും അതുപോലെ പറയുന്ന എത്രയോ ആളുകൾ നമ്മുടെ നാട്ടിലുണ്ട്.

അല്ലാഹു പറയുന്നു: ‘തീർച്ചയായും

സഫ അശ്റഫ് പുഴക്കാട്ടിരി
വിസ്ഡം അറബിക് അക്കാദമി, പെരിന്തൽമണ്ണ

# അവർ അന്ധരും ബധിരരും മൂകരുമാണ്

കാണിക്കാൻ ശ്രമിക്കുന്ന ഒരുവിഭാഗം വനിതകളുണ്ട്; പാന്റ്സും ടീഷർട്ടും ധരിച്ച് പേരിനൊരു കഷ്ണം തുണി തലയിൽ ചുറ്റി ഹിജാബാണെന്നും പറഞ്ഞ്, സൗന്ദര്യവർധക വസ്തുക്കൾ പരമാവധി ഉപയോഗിച്ച് പുറത്തിറങ്ങുന്നവർ. ഇസ്‌ലാമിന്റെ അടയാളങ്ങളോടും ആരാധനകളോടും പുച്ഛമനോഭാവം വെച്ചുപുലർത്തുന്ന മുസ്‌ലിം നാമധാരികളായ യുവാക്കളുമുണ്ട്. എന്നാൽ തങ്ങൾ മുസ്‌ലിംകളാണ് എന്ന് അവർ പറയുകയും ചെയ്യും!

അല്ലാഹു പറയുന്നു: “(നബിയേ,) പറയുക: നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവെച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അറിയുന്നതാണ്. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവനറിയുന്നു. അല്ലാഹു ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു”(3:29).

ഇസ്‌ലാമിനെ ഭീകരതയുടെ മതമായി ധരിച്ചുവെച്ചവർ മതമെന്താണെന്നും എന്തിനാണെന്നും മനസ്സിലാക്കാത്തവരാണ്. അതിന്റെ മാനവികമുഖത്തെ തിരിച്ചറിയാത്തവരാണ്. അതിനു പരിഹാരം ഇസ്‌ലാമിനെ പ്രമാണങ്ങളിൽനിന്നും പഠിക്കുക എന്നതാണ്.

സത്യനിഷേധം പല രൂപത്തിലും ഭാവത്തിലും വേഷത്തിലും എത്തുന്ന വർത്തമാനകാലത്ത് അതിൽ അകപ്പെടാതിരിക്കാൻ നാം ജാഗ്രത പുലർത്തണം. അല്ലാഹു അന്ധരും ബധിരരും മൂകരുമായി ഉപമിച്ചവരുടെ കൂട്ടത്തിൽ നമ്മെ ഉൾപ്പെടുത്താതിരിക്കട്ടെ. ■

അവർ തങ്ങളുടെ പിതാക്കളെ കണ്ടെത്തിയത് വഴിപിഴച്ചവരായിട്ടാണ്. അങ്ങനെ ഇവർ അവരുടെ (പിതാക്കളുടെ) കാൽപാടുകളിലൂടെ കുതിച്ചു പായുന്നു” (37:69,70).

മുൻഗാമികളുടെ പിഴച്ച മാർഗത്തെ അതേപടി അവർ പിൻപറ്റി. അതിൽനിന്നും മാറി നടക്കാൻ അവർ തയ്യാറില്ലായിരുന്നു. ഇത്തരക്കാരെ കുറിച്ച് അല്ലാഹു പറയുന്നു:

“അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ” (25:45).

ഈ ഉപമ എത്ര ഗൗരവകരമാണ്! പ്രമാണങ്ങളും ലക്ഷ്യങ്ങളും വകവെക്കാതെ തന്നിഷ്ടപ്രകാരം ജീവിതം നയിക്കുന്നവർ ദേഹേച്ഛയെ ഒരർഥത്തിൽ ദൈവമാക്കി വെക്കുകയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: “തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കി മാറ്റിയവനെ നീ കണ്ടുവോ?...”(25:43).

ഇമാം ഇബ്നു കസീർ(റഹി) ഇതിന് നൽകിയ ഒരു വ്യാഖ്യാനം ഇങ്ങനെയാണ്: ‘ഏതെങ്കിലും ഒരു കാര്യം ഒരാൾക്ക് നന്നായി തോന്നുകയും തന്റെ ഇച്ഛയുടെ അടിസ്ഥാനത്തിൽ അത് നല്ലതെന്ന് അഭിപ്രായപ്പെടുകയും ചെയ്താൽ ആ കാര്യത്തെ തന്റെ മതവും ആദർശവുമായി കണക്കാക്കുക.’

മരങ്ങളെയും കല്ലുകളെയും സൂര്യനെയും ചന്ദ്രനെയും തീയിനെയും വിഗ്രഹങ്ങളെയും മഹാന്മാരെയും ആരാധിക്കുന്നത് മാത്രമല്ല, ദേഹേച്ഛകൾക്ക് വഴിപ്പെട്ട് ജീവിക്കുന്നതും സത്യനിഷേധത്തിന്റെ ഭാഗമാണെന്ന് സാരം.

മതത്തിന്റെ ആവശ്യമേയില്ലെന്നും അത് പാരതന്ത്ര്യമാണെന്നും സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് അതിരുകളില്ലാത്ത സ്വാതന്ത്ര്യം അനുഭവിച്ച് ജീവിക്കണമെന്നും വാദിക്കുന്നവരുണ്ട്. അതാണ് നല്ലതെന്ന് തോന്നിപ്പോകും. അതുകൊണ്ടുതന്നെ പുതുതലമുറ അത്തരം ആശയങ്ങളിൽ വീണുപോകുന്നു. എന്നാൽ യാതൊരു വിലക്കുകളുമില്ലാത്ത ജീവിതം കന്നുകാലികളുടെ ജീവിതത്തിന് സമാനമാകുമെന്ന് അൽപം ചിന്തിക്കുന്നവർക്ക് മനസ്സിലാകും.

ഇൻഫ്ളുവൻസർമാരിലൂടെയും സിനിമകളിലൂടെയും റീലുകളിലൂടെയും ഷോർട്സുകളിലൂടെയു മൊക്കെ വർത്തമാനകാലത്ത് മതനിരാസം കയറിവരുന്നുണ്ട്. ‘മുസ്‌ലിമായി’ക്കൊണ്ട് എങ്ങനെയൊക്കെ ‘പുരോഗമിക്കാം’ എന്ന്

വിവ: അബ്ദുൽ ജബ്ബാർ മദീനി



# എന്താണ് വക്വ്ഫ് ?

**അർഥവും മതവിധിയും**

'വക്ഫി'ന്റെ അർഥം: അടിസ്ഥാനം (തടി) അവശേഷിക്കുന്നതോടൊപ്പം ആദായമെടുക്കൽ സാധ്യമാകുന്ന വസ്തുവിനെ അല്ലാഹുവിലേക്കുള്ള സാമീപ്യമെന്ന നിലയ്ക്ക് ബന്ധിച്ചിടലാണ് വക്ഫ് . അടിസ്ഥാനത്തെ നിലനിർത്തി ആദായം അല്ലാഹുവിന്റെ മാർഗത്തിൽ നൽകലാണത്. ഉദാഹരണം: ഒരാൾ ഒരു വീട് വക്വ്ഫാക്കി അതിനെ വാടകക്ക് നൽകുന്നു. ആവശ്യക്കാർക്കോ പള്ളികൾക്കോ മതഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനോ മറ്റോ അതിന്റെ വാടക ചെലവഴിക്കുകയും ചെയ്യുന്നു.

*മതവിധിയും തെളിവുകളും:* വക്ഫ് പ്രതിഫലാർഹമായ കർമമാകുന്നു. അതിൽ അടിസ്ഥാന പ്രമാണം ഉമറി(റ)ൽ നിന്നുള്ള ഹദീസാകുന്നു.

“അദ്ദേഹത്തിന് ഖയ്ബറിൽ നിന്ന് ഒരു ഭൂസ്വത്ത് ലഭിച്ചു. അദ്ദേഹം പറഞ്ഞു: ‘അല്ലാഹുവിന്റെ തിരുദൂതരേ, ഖയ്ബറിൽ അൽപം ഭൂസ്വത്ത് ലഭിച്ചിട്ടുണ്ട്. അതിനെക്കാൾ അമൂല്യമായ സ്വത്ത് എനിക്ക് ലഭിച്ചിട്ടേയില്ല. താങ്കൾ എന്നോട് എന്താണ് കൽപിക്കുന്നത്?’ തിരുമേനി(സ്വ) പറഞ്ഞു: ‘താങ്കൾക്ക് അതിന്റെ അടിസ്ഥാ നം നിലനിർത്തികൊണ്ടുതന്നെ അതുകൊണ്ട് ദാനം ചെയ്യാം. എന്നാൽ അതിന്റെ അടിസ്ഥാനംവിൽക്കപ്പെടാവതോ ദാനം ചെയ്യപ്പെടാവതോ അനന്തമെടുക്കപ്പെടാവതോ അല്ല.”

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ്വ) പറഞ്ഞു: “ആദമിന്റെ പുത്രൻ (മനുഷ്യൻ) മരിക്കുന്നതോടെ അവന്റെ കർമങ്ങൾ നിലച്ചുപോകുന്നു. പ്രയോജനം നിലനിൽക്കുന്ന ദാനം, ഉപകരിപ്പെടുന്ന അവന്റെ അറിവ്, അവനുവേണ്ടി പ്രാർഥിക്കുന്ന സുകൃതവാനായ സന്തതി എന്നിവയൊഴികെ.” ഇവിടെ പറഞ്ഞ പ്രയോജനം നിലനിൽക്കുന്ന ദാനം (സ്വദകത്തുൻജാരിയ) വക്ഫാകുന്നു.

*വക്ഫുമായി ബന്ധപ്പെട്ട വിധികൾ താഴെ കൊടുക്കുന്നു:*

1. വക്ഫ് ചെയ്യുന്ന വ്യക്തി ബുദ്ധിയും പ്രായപൂർത്തിയും സ്വാതന്ത്ര്യവും തന്റേടവുമുള്ള, സമ്പത്ത് കൈകാര്യം ചെയ്യുവാൻ അനുവാദമുള്ളവനായിരിക്കണം.

2. അടിസ്ഥാനം നിലനിൽക്കവെ നിത്യമായി ആദായമെടുക്കപ്പെടുന്നതായിരിക്കണം വക്ഫ് . അത് നിർണയിക്കപ്പെടുകയും വേണം.

3. പള്ളികൾ, അഗതികൾ, വിജ്ഞാന ഗ്രന്ഥങ്ങൾ പോലുള്ള നന്മകൾക്കും പുണ്യത്തിനുമായിരിക്കണം വക്ഫ് . കാരണം അത് അല്ലാഹുവിലേക്കുള്ള സൽപ്രവൃത്തിയാകുന്നു. അതിനാൽ ഇതരമതസ്ഥരുടെ ആരാധനാലയങ്ങൾക്കോ നിഷിദ്ധങ്ങൾ വാങ്ങുന്നതിനോ വക്ഫ് ചെയ്യുന്നത് ഹറാമാകുന്നു.

> അടിസ്ഥാനം (തടി) അവശേഷിക്കുന്നതോടൊപ്പം ആദായമെടുക്കൽ സാധ്യമാകുന്ന വസ്തുവിനെ അല്ലാഹുവിലേക്കുള്ള സാമീപ്യമെന്ന നിലയ്ക്ക് ബന്ധിച്ചിടലാണ് വക്ഫ്. “ആദമിന്റെ പുത്രൻ (മനുഷ്യൻ) മരിക്കുന്നതോടെ അവന്റെ കർമങ്ങൾ നിലച്ചുപോകുന്നു. പ്രയോജനം നിലനിൽക്കുന്ന ദാനം, ഉപകരിപ്പെടുന്ന അവന്റെ അറിവ്, അവനുവേണ്ടി പ്രാർഥിക്കുന്ന സുകൃതവാനായ സന്തതി എന്നിവയൊഴികെ.” ഇവിടെ പറഞ്ഞ പ്രയോജനം നിലനിൽക്കുന്ന ദാനം (സ്വദകത്തുൻജാരിയ) വക്ഫാകുന്നു.

4. വക്ഫിന്റെ ഉപകാരങ്ങൾ നിലയ്ക്കുകയും ആദായമെടുക്കുവാൻ സാധിക്കാതിരിക്കുകയും ചെയ്താൽ വക്ഫ് വിൽക്കപ്പെടുകയും അതിന്റെ വില അതുപോലുള്ളതിൽ ചെലവിടുകയും വേണം. വക്ഫ് പള്ളിയാണെങ്കിൽ അതിന്റെ വില മറ്റൊരു പള്ളിയിൽ ചെലവു ചെയ്യണം. വക്ഫ് ഒരു വീടാണെങ്കിൽ അത് വിൽക്കപ്പെടുകയും കിട്ടിയ തുകകൊണ്ട് മറ്റൊരു വീട് വാങ്ങുകയും വേണം. കാരണം അതാണ് വക്ഫ് ചെയ്തവന്റെ ഉദ്ദേശ്യത്തോട് ഏറ്റവും അടുത്ത നിലപാട്.

5. വക്ഫ് സ്ഥിരമായി നിൽക്കേണ്ട ഇടപാടാണ്. വക്ഫ് ചെയ്തു എന്ന മൊഴിയോടുകൂടി അത് സ്ഥിരപ്പെടും. അത് അവസാനിപ്പിക്കുവാനോ വിൽക്കുവാനോ പാടില്ല.

6. വക്ഫ് ചെയ്യപ്പെടുന്ന വസ്തു ക്ലിപ്തമായിരിക്കണം. ക്ലിപ്തപ്പെടുത്താത്തതിൽ വക്ഫ് ശരിയാവുകയില്ല.

7. ഉപാധിയുള്ളതോ താൽകാലികമോ ആയ വക്ഫ് സാധുവാകുകയില്ല. എന്നാൽ, എന്റെ മരണ ശേഷം ഞാൻ വക്ഫാക്കിയിരിക്കുന്നു എന്ന ഉപാധി വെക്കൽ സാധുവാകും.

8. വക്ഫ് ചെയ്തവന്റെ നിബന്ധനക്കനുസരിച്ച് പ്രവൃത്തിക്കൽ നിർബന്ധമാകുന്നു; നിബന്ധന മതത്തിനെതിരാകാതെയാണെങ്കിൽ.

9. തന്റെ മക്കളുടെ പേരിൽ വക്ഫു ചെയ്താൽ അതിൽ ആൺമക്കളും പെൺമക്കളും തുല്യമാകുന്നു.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥം).*

ശൈഖ് നാസ്വിറുദ്ദീൻ അൽഅൽബാനി(റഹി)
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ



# നബി(സ്വ)യുടെ നമസ്കാരം; ഒരു സംക്ഷിപ്ത വിവരണം 04

### സുജൂദിൽ നേരെ നിൽക്കൽ

101. സുജൂദിൽ അടങ്ങി നിൽക്കൽ നിർബന്ധമാണ്. സുജൂദ് ചെയ്യുമ്പോൾ തറയിൽ സ്പർശിക്കുന്ന മുഴുവൻ ശരീരഭാഗങ്ങളെയും ഒരുപോലെ ആശ്രയിക്കുമ്പോഴാണ് ഇത് സാധ്യമാകുന്നത്. അവ: നെറ്റിയും മൂക്കും ഒന്നായി, രണ്ട് കൈകൾ, രണ്ട് കാൽ മുട്ടുകൾ, രണ്ട് കാൽവിരലുകൾ.

102. ഇപ്രകാരം തന്റെ സുജൂദിൽ ആര് അടങ്ങി നിൽക്കുന്നുവോ, അവൻ തീർച്ചയായും കൃത്യമായ അടങ്ങി നിൽക്കൽ (തുമഅ്നീനത്ത്) പ്രാപിച്ചു. സുജൂദിലെ അടങ്ങി നിൽക്കലും റുക്നാണ്.

103. അതിൽ അവൻ പറയണം:

سُبْحَانَ رَبِّيَ الْأَعْلَى (അത്യുന്നതനായ എന്റെ രക്ഷിതാവ് പരിശുദ്ധൻ). മൂന്ന് തവണയോ അതിൽ കൂടുതലോ.[15]

104. സുജൂദിലായിരിക്കുമ്പോൾ പ്രാർഥന വർധിപ്പിക്കുന്നത് നല്ലതാണ്. കാരണം, അത് ഉത്തരം ചെയ്യപ്പെടാൻ സാധ്യതയുള്ളതാണ്.

105. സുജൂദ്-മുമ്പ് പറഞ്ഞതുപോലെ- റുകൂഇനോട് ഏകദേശം

തുല്യ ദൈർഘ്യമുള്ളതാക്കണം.

106. നിലത്തും നിലത്തുവിരിച്ച തുണിയിലും വിരിപ്പിന്മേലും പായയിലും അതുപോലുള്ളവയിലും സുജൂദ് ചെയ്യൽ അനുവദനീയമാണ്.

107. സുജൂദിലായിരിക്കെ ഖുർആൻ ഓതാൻ പാടുള്ളതല്ല.

## രണ്ട് സുജൂദുകൾക്കിടയിലുള്ള 'ഇഫ്തിറാശും' 'ഇക്ആ'ഉം

108. ശേഷം തക്ബീർ ചൊല്ലിക്കൊണ്ട് തലയുയർത്തണം. ഇത് വാജിബാണ്.

109. ചിലപ്പോൾ, കൈകൾ ഉയർത്തുകയും ചെയ്യാം.

110. പിന്നെ അസ്ഥികളെല്ലാം അതിന്റെതായ സ്ഥാനം സ്വീകരിക്കുന്നതുവരെ അടങ്ങിയിരിക്കണം. ഇത് റുക്നാണ്.

111. ഇടതുകാൽ നിലത്തുവിരിച്ച് അതിന്മേൽ ഇരിക്കണം (ഇഫ്തിറാശ്). ഇത് വാജിബാണ്.

112. വലതുകാൽ കുത്തിനിർത്തുകയും വേണം.

113. കാൽവിരലുകൾ ഖിബ്‌ലക്ക് അഭിമുഖമായി വെക്കണം.

114. ചിലപ്പോൾ, മടമ്പിന്മേലും ഇരിക്കാവുന്നതാണ് (ഇക്ആഅ്). അതായത്, ഇരു കാൽപാദങ്ങളും കുത്തിനിർത്തിയശേഷം കാൽപാദങ്ങളുടെ വെള്ളയിലും മടമ്പിന്മേലുമായി ഇരിക്കുക.

115. ഈ ഇരുത്തത്തിൽ ഇങ്ങനെ പറയണം.

اَللّٰهُمَّ اغْفِرْ لِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَعَافِنِي وَارْزُقْنِي

"അല്ലാഹുവേ എനിക്ക് നീ പൊറുത്തുതരികയും എന്നോട് കരുണ കാണിക്കുകയും എന്റെ ന്യൂനതകൾ പരിഹരിച്ചുതരികയും എന്നെ ഉയർത്തുകയും എനിക്ക് പാപമോചനം നൽകുകയും എനിക്ക് ആഹാരം നൽകുകയും ചെയ്യേണമേ."

116. ഇങ്ങനെയും പറയാം:

رَبِّ اغْفِرْ لِي رَبِّ اغْفِرْ لِي ("എന്റെ രക്ഷിതാവേ! എനിക്ക് പൊറുത്തു തരേണമേ. എന്റെ രക്ഷിതാവേ, എനിക്ക് പൊറുത്തു തരേണമേ.")

117. ഈ ഇരുത്തവും ഏകദേശം സുജൂദിനോളം ദീർഘിപ്പിക്കണം.

## രണ്ടാമത്തെ സുജൂദ്

118. പിന്നെ, തക്ബീർ ചൊല്ലണം.

119. ഈ തക്ബീറിനോടൊപ്പം, കൈകൾ ഉയർത്താവുന്നതാണ്.

120. രണ്ടാമത്തെ സുജൂദ് ചെയ്യണം. ഇതും ഒരു റുക്നാണ്.

121. ഒന്നാമത്തെ സുജൂദിൽ ചെയ്തതുപോലെതന്നെ ഇതിലും ചെയ്യണം.

## ഇസ്തിറാഹത്തിന്റെ ഇരുത്തം

122. രണ്ടാമത്തെ സുജൂദിൽനിന്നും തലയുയർത്തുകയും, രണ്ടാമത്തെ റക്അത്തിനായി എഴുന്നേൽക്കാനുദ്ദേശിക്കുകയും ചെയ്താൽ തക്ബീർ ചൊല്ലണം. ഇത് വാജിബാണ്.

123. കൈകൾ ഉയർത്തുകയുമാകാം.

124. എഴുന്നേൽക്കുന്നതിന് മുമ്പായി, എല്ലാ അസ്ഥികളും പൂർവസ്ഥിതിയിലേക്ക് തിരിച്ച് വരുന്നവിധം ഇടതുകാലിന്മേൽ ശാന്തമായി നേരെ നിവർന്നിരിക്കണം.

## രണ്ടാമത്തെ റക്അത്ത്

125. മാവ് കുഴക്കുന്നയാൾ ചുരുട്ടിപ്പിടിക്കുന്നതുപോലെ രണ്ട് കൈകളും ചുരുട്ടിപ്പിടിച്ച് നിലത്ത് ഊന്നി രണ്ടാമത്തെ റക്അത്തിനായി എഴുന്നേൽക്കണം. അത് ഒരു റുക്നാണ്.

126. ഒന്നാമത്തെ റക്അത്തിൽ ചെയ്തത് പോലെ ഇതിലും ചെയ്യണം.

127. ഇതിൽ, പ്രാരംഭപ്രാർഥന ചൊല്ലേണ്ടതില്ല എന്നുമാത്രം.

128. ഇത് ഒന്നാമത്തെ റക്അത്തിനെക്കാൾ ചുരുക്കുകയും വേണം.

## തശഹ്ഹുദിന്റെ ഇരുത്തം

129. രണ്ടാമത്തെ റക്അത്തിൽനിന്ന് വിരമിച്ചശേഷം തശഹ്ഹുദിനായി ഇരിക്കണം. ഇത് വാജിബാണ്.

130. മുമ്പ് പറഞ്ഞതുപോലെ, രണ്ട് സുജൂദുകൾക്കിടയിലുള്ള 'ഇഫ്തിറാശി'ന്റെ ഇരുത്തം ഇരിക്ക ണം.

131. എന്നാൽ ഇവിടെ 'ഇക്ആഅ്' അനുവദനീയമല്ല.

132. വലതുകൈ വലതുതുടയിലും കാൽമുട്ടിലുമായി വെക്കണം. വലതു കൈമുട്ടിന്റെ അറ്റം അകറ്റിവെക്കാതെ തുടയിൽ വെക്കുകയും വേണം.

133. ഇടതുകൈ ഇടതുകാലിന്റെ തുടയിലും കാൽമുട്ടിലുമായി പരത്തിവെക്കണം.

134. കൈയിന്മേൽ ഊന്നിക്കൊണ്ട് ഇരിക്കുന്നത്

അനുവദനീയമല്ല. വിശിഷ്യാ ഇടതുകൈയി ന്മേൽ.

**വിരൽ ചലിപ്പിക്കലും അതിലേക്ക് നോക്കലും**

135. വലതുകൈയിലെ വിരലുകളെല്ലാം ചുരുട്ടിപ്പിടിക്കുകയും തള്ളവിരൽ നടുവിരലിന്മേൽ വെക്കുകയും ചെയ്യാം.
136. മറ്റുചിലപ്പോൾ ഈ രണ്ട് വിരലുകളും വൃത്താകൃതിയിൽ വെക്കുകയുമാവാം.
137. ചൂണ്ടുവിരൽ കിബ്‌ലക്ക് നേരെ ചൂണ്ടണം.
138. അതിലേക്ക് നോക്കുകയും വേണം.
139. തശഹ്ഹുദിന്റെ ആദ്യാവസാനം അത് ചലിപ്പിച്ചുകൊണ്ടിരിക്കണം.
140. നബി(സ്വ) തന്റെ ഇടതുകൈയിലെ വിരൽ കൊണ്ട് ചൂണ്ടിയിരുന്നില്ല.
141. ഇതെല്ലാം എല്ലാ തശഹ്ഹുദിലും ചെയ്യണം.

**തശഹ്ഹുദിന്റെ രൂപവും അതിന് ശേഷമുള്ള പ്രാർഥനയും**

142. തശഹ്ഹുദ് വാജിബാണ്. ഇത് മറന്നുപോയാൽ മറവിയുടെ രണ്ടു സുജൂദ് ചെയ്യണം.
143. അത് പതുക്കെ ഓതണം.
144. അതിന്റെ രൂപം:

التَّحِيَّاتُ لِلّٰهِ وَالصَّلَوَاتُ وَالطَّيِّبَاتُ السَّلامُ عَلَى النَّبِيِّ وَرَحْمَتُ اللّٰهِ وَبَرَكَاتُهُ السَّلاَمُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ. أَشْهَدُ أَنْ لَا إِلَهَ إِلّا اللَّهُ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

"എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിനുള്ളതാണ്. ആരാധനകളും വിശിഷ്ടമായവയും, അല്ലാഹുവിന് തന്നെ. നബിയുടെമേൽ[16] സമാധാനവും അല്ലാഹുവിന്റെ കാരുണ്യവും അവന്റെ അനുഗ്രഹങ്ങളും ലഭിക്കുമാറാകട്ടെ. നമുക്കും നല്ലവരായ അല്ലാഹുവിന്റെ എല്ലാ അടിമകൾക്കും സമാധാനമുണ്ടായിരിക്കട്ടെ. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരുംതന്നെയില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. മുഹമ്മദ് അവന്റെ ദൂതനും അടിമയുമാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു."[18]

145. അതിനുശേഷം നബി(സ്വ)യുടെ മേൽ ഇപ്രകാരം സ്വലാത്ത് ചൊല്ലുക:

اللّٰهُمَّ صَلِّ عَلَى مُحَمَّدٍ النَّبِيِّ الْأُمِّيِّ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى آلِ إِبْرَاهِيمَ، وَبَارِكْ عَلَى مُحَمَّدٍ النَّبِيِّ الأُمِّيِّ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

"അല്ലാഹുവേ, മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും നീ ഗുണം ചെയ്യേണമേ; ഇബ്റാഹീമിനും ഇബ്റാഹീമിന്റെ കുടുംബത്തിനും നീ ഗുണം ചെയ്തതുപോലെ. നീ സ്തുത്യർഹനും മഹാനുമത്രെ. അല്ലാഹുവേ, മുഹമ്മദിനെയും മുഹമ്മദിന്റെ കുടുംബത്തെയും നീ അനുഗ്രഹിക്കേണമേ! ഇബ്റാഹീമിനെയും ഇബ്റാഹീമിന്റെ കുടുംബത്തെയും നീ അനുഗ്രഹിച്ചതുപോലെ. നീ സ്തുത്യർഹനും മഹാനുമത്രെ!"

146. ചുരുക്കരൂപം ഉദ്ദേശിക്കുകയാണെങ്കിൽ ഇങ്ങനെ പറയുക:

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ وَبَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

"അല്ലാഹുവേ, മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും നീ ഗുണം ചെയ്യേണമേ! മുഹമ്മദിനെയും മുഹമ്മദിന്റെ കുടുംബത്തെയും നീ അനുഗ്രഹിക്കണമേ. ഇബ്റാഹീമിനും ഇബ്റാഹീമിന്റെ കുടുംബത്തിനും നീ ഗുണം ചെയ്തതുപോലെയും നീ അനുഗ്രഹം ചെയ്തത് പോലെയും. നീ സ്തുത്യർഹനും മഹാനുമത്രെ."

147. പിന്നെ, നബി(സ്വ)യിൽനിന്നും ഉദ്ധരിക്കപ്പെടുന്ന പ്രാർഥനകളിൽനിന്നും തനിക്കിഷ്ടപ്പെട്ടത് തെരഞ്ഞെടുത്ത് ഈ തശഹ്ഹുദിൽ അല്ലാഹുവോട് പ്രാർഥിക്കാവുന്നതാണ്.

---

*കുറിപ്പുകൾ:*

*(15) ഇതിൽ വേറെയും പ്രാർഥനകളുണ്ട്. 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 160-163; മലയാള പരിഭാഷ) കാണുക.*

*(16) പ്രവാചകന്റെ മരണശേഷം പറയാൻ അനുശാസിക്കപ്പെട്ടതാണിത്. ഈ വാചകം, ഇബ്നു മസ്ഊദ്(റ), ആഇശ(റ), ഇബ്നുസ്സുബൈർ(റ), ഇബ്നു അബ്ബാസ്(റ) എന്നിവരുടെ തശഹ്ഹുദിൽ സ്ഥിരപ്പെട്ടതാണ്. അതിന്റെ വിശദീകരണം ആഗ്രഹിക്കുന്നവർ എന്റെ ഗ്രന്ഥമായ 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 178-202; മലയാള പരിഭാഷ) പരിശോധിക്കുക.*

*(17) സ്ഥിരപ്പെട്ട മറ്റു രൂപങ്ങൾ മുമ്പ് പറഞ്ഞ എന്റെ ഗ്രന്ഥത്തിലുണ്ട്. 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 180-202 മലയാള പരിഭാഷ). ഇവിടെ പരാമർശിച്ചത് ഏറ്റവും സ്വഹീഹായതാണ്.*

സമീർ മുണ്ടേരി



# പ്രശസ്തിക്കു പിന്നാലെ പായുന്നവരോട്

പ്രബോധന രംഗത്ത് പ്രവർത്തിക്കുമ്പോൾ വന്നുചേരുന്ന പ്രശസ്തിയും സ്ഥാനവും പലപ്പോഴും പലർക്കും വലിയ പരീക്ഷണങ്ങളാവാറുണ്ട്. ഒരാൾക്ക് അയാളുടെ പ്രവർത്തനങ്ങൾ മൂലം പ്രശസ്തി വന്നുചേരുന്നതിനെ മതം എതിർക്കുന്നില്ല. എന്നാൽ ഒരാൾ പ്രശസ്തി മാത്രം ആഗ്രഹിച്ചുകൊണ്ട് പ്രവർത്തിച്ചാൽ അത് അവനെ അപകടത്തിലേക്ക് എത്തിക്കും.

**പ്രശസ്തി ആഗ്രഹിക്കാത്തർ**

പ്രമുഖ പണ്ഡിതനായ ഫുദൈൽ ഇബ്നു ഇയാദ്(റഹി) പറഞ്ഞു: 'ആരെങ്കിലും പ്രശസ്തനാകുവാൻ ആഗ്രഹിച്ചാൽ അവനൊരിക്കലും പ്രശസ്തനാവുകയില്ല. എന്നാൽ പ്രശസ്തനാകുന്നതിനെ വല്ലവനും വെറുത്താൽ അവൻ പ്രശസ്തനാവുകയും ചെയ്യും.'

ഇസ്‌ലാമിക ചരിത്രത്തിലെ പ്രശസ്തരായവരെ എടുത്തുനോക്കൂ, അവരാരും ഇഹലോകത്തെ സ്ഥാനമാനങ്ങൾക്കും പ്രശസ്തിക്കും വേണ്ടി പ്രവർത്തിച്ചവരായിരുന്നില്ല. അബൂബക്കർ ബിൻ ഹയ്യാശിനോട് ചോദിച്ചു: 'ചിലർ ജനങ്ങളെ പഠിപ്പിക്കാൻ വേണ്ടി പള്ളിയിൽ ഇരിക്കുന്നു. അപ്പോൾ ജനങ്ങൾ അവർക്കു ചുറ്റും ഇരിക്കും. എന്തുകൊണ്ടാണത്?' അദ്ദേഹം പറഞ്ഞു: 'ആരെങ്കിലും ജനങ്ങൾക്ക് വേണ്ടി ഇരുന്നാൽ ജനങ്ങൾ അയാൾക്ക് ചുറ്റും ഇരിക്കും. അത് സ്വാഭാവികമാണ്. എന്നാൽ (അങ്ങനെ ദീൻ പഠിപ്പിക്കുന്ന) അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ മരണപ്പെട്ടാൽ അവരുടെ മരണശേഷം അവരെ ജനങ്ങൾ ഓർത്തു കൊണ്ടിരിക്കും. അതുപോലെ ബിദ്അത്തിന്റെ ആളുകളും മരണപ്പെടും. അതോടെ അവരെക്കുറിച്ചുള്ള സ്മരണകളും മരിക്കും.'

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി) ഇതിനെ വിശദീകരിച്ചുകൊണ്ട് പറഞ്ഞു: "അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ നബി(സ്വ) കൊണ്ടുവന്നത് ജീവിപ്പിക്കാൻ വേണ്ടി പരിശ്രമിച്ചവരാണ്. അതുകൊണ്ട് തന്നെ നബി(സ്വ)യാട് അല്ലാഹു പറഞ്ഞ 'താങ്കളുടെ കീർത്തിയെ ഞാൻ ഉയർത്തിയിരിക്കുന്നു' എന്ന വാഗ്ദാനം ഈ പണ്ഡിതന്മാർക്കും ലഭിക്കും. (അവർക്ക് പ്രശസ്തി ലഭിക്കും). ബിദ്അത്തിന്റെ ആളുകൾ നബി(സ്വ) കൊണ്ടുവന്നതിനെ എതിർത്തവരാണ്. അതുകൊണ്ട് തന്നെ അല്ലാഹു നബി(സ്വ)യോട് പറഞ്ഞതിന്റെ ഒരു വിഹിതം ഇവർക്കും ലഭിക്കും: 'തീർച്ചയായും അവർ തന്നെയാണ് വാലറ്റവർ...'' (അവരെ ആരും ഓർക്കണമെന്നില്ല).

മദ്ഹബിന്റെ ഇമാമുകളായ ഇമാം മാലിക്(റഹി), ഇമാം അബൂഹനീഫ(റഹി), ഇമാം ശാഫിഈ (റഹി), ഇമാം അഹ്മദ്(റഹി), ഇമാം ബുഖാരി(റഹി), ഇമാം മുസ്‌ലിം(റഹി), പ്രമുഖ പണ്ഡിതന്മാരായ ശൈഖ് ഇബ്നുബാസ്(റഹി), ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റഹി) തുടങ്ങിയ എത്രയോ മഹാപണ്ഡിതന്മാരെക്കുറിച്ച് ചിന്തിക്കുക. ഇവരൊന്നും പേരിനും പ്രശസ്തിക്കും വേണ്ടി ദീനീസേവനം ചെയ്തവരല്ല. എന്നാൽ എത്ര പ്രശസ്തരാണവർ!

**വന്നുചേരുന്ന പ്രശസ്തി**

അബൂദർറ്(റ) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ഇങ്ങനെ കാണാം: ഒരു വ്യക്തി ഒരു പ്രവർത്തനം ചെയ്യുന്നു. അതിലൂടെ അയാൾ ഉദ്ദേശിക്കുന്നത് അല്ലാഹുവിന്റെ വജ്ഹ് (പ്രതിഫലം) മാത്രമാണ്. എന്നാൽ ആ പ്രവർത്തനം കൊണ്ട് അയാളെ ആളുകൾ വല്ലാതെ ഇഷ്ടപ്പെടുകയും പുകഴ്ത്തുകയും ചെയ്യുന്നു. അതിനെക്കുറിച്ച് നബി(സ്വ)യോട് ചോദിച്ചു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'അത് സത്യവിശ്വാസിക്ക് പെട്ടെന്ന് ലഭിക്കുന്ന സന്തോഷവാർത്തകളാണ്...'(മുസ്‌ലിം).

ഈ ഹദീസിനെ വിശദീകരിച്ചുകൊണ്ട് ഇമാം നവവി(റഹി) പറഞ്ഞു: 'ഇത് അല്ലാഹു അദ്ദേഹത്തെ ഇഷ്ടപ്പെട്ടതിന്റെ അടയാളമാണ്. ഇതെല്ലാം അയാൾക്ക് ലഭിക്കുന്നത് പ്രശസ്തിയെ ആഗ്രഹിക്കാതെ പ്രവർത്തിക്കുമ്പോഴാണ്.'

നമ്മുടെ മുൻഗാമികൾ അവരുടെ നന്മകൾ മറച്ചുവെച്ചരായിരുന്നു. പ്രശസ്തി അവർ ആഗ്രഹിച്ചിരുന്നില്ല. അത് അവരുടെ ആത്മാർഥതകൊണ്ടും ലോകമാന്യത്തെ അവർ ഭയപ്പെട്ടതുകൊണ്ടുമാണ്.

മുഹമ്മദ്ബ്നു അലാഅ് (റഹി) പറഞ്ഞു: 'ആരെങ്കിലും അല്ലാഹുവിനെ ഇഷ്ടപ്പെട്ടാൽ ജനങ്ങൾക്കിടയിൽ പ്രശസ്തനാകുന്നതിനെ അയാൾ ഇഷ്ടപ്പെടില്ല.'

മുത്റഫ് ഇബ്നു അബ്ദുല്ല അശ്ശിഖിർ(റഹി) പറഞ്ഞു: 'ഞാൻ രാത്രി മുഴുവൻ നമസ്കരിക്കുകയും നേരം പുലരുമ്പോൾ ജനങ്ങളെല്ലാം എന്റെ ആരാധനെയെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നതിനെക്കാൾ എനിക്കിഷ്ടം രാത്രി നമസ്കരിക്കാതെ ഉറങ്ങുകയും നേരം പുലരുമ്പോൾ ആ നമസ്കാരം നഷ്ടപ്പെട്ടതിൽ ഞാൻ ഖേദിക്കുകയും ചെയ്യുന്നതിനെയാണ്.'

പ്രശസ്തിക്കു വേണ്ടി കർമങ്ങൾ ചെയ്യുന്നതിലെ അപകടം തിരിച്ചറിഞ്ഞതിനാലാണ് ഈ മഹാന്മാർഇങ്ങനെ പറഞ്ഞിരിക്കുന്നത്.

ഇത് വായിക്കുന്നവരിൽ ഇസ്‌ലാമിക പ്രബോധകരുണ്ട്. ഇസ്‌ലാമിന് വേണ്ടി സമ്പത്ത് ചെലവഴിക്കുന്നവരുണ്ട്. ഇസ്‌ലാമിന്റെ മാർഗത്തിൽ കായികമായി അധ്വാനിക്കുന്നവരുണ്ട്. ഇസ്‌ലാമിന്റെ വളർച്ചക്ക് ബഹുമുഖമായ പ്രവർത്തനങ്ങൾ നടത്തുന്നവരുണ്ട്.

നാം സ്വയം ചോദിക്കുക; എന്തിനാണ് നമ്മുടെ പ്രവർത്തനങ്ങൾ? പ്രശസ്തി ആഗ്രഹിച്ചാണോ നാം അധ്വാനിക്കുന്നത്? പേരും പ്രശസ്തിയും ലഭിക്കാതിരിക്കുമ്പോൾ നിരാശ നമ്മെ പിടികൂടാറുണ്ടോ?

തങ്ങൾ നടത്തുന്ന പ്രസംഗങ്ങളും ക്ലാസുകളും മറ്റും പ്രശസ്തിയിലേക്കുള്ള പടവുകളായി മാറണമെന്ന് പണ്ഡിതന്മാർ ആഗ്രഹിക്കാറുണ്ടോ? മതരംഗത്ത് സമ്പത്ത് വിനിയോഗിച്ചത് എന്തു നേട്ടം ആഗ്രഹിച്ചാണ് എന്ന് സമ്പന്നർ ചിന്തിക്കട്ടെ. എഴുത്തുകൾ കൊണ്ട് ഇസ്‌ലാമിനെ സഹായിച്ചവർ പേന പിടിച്ചത് ഏത് ഉദ്ദേശ്യത്തിലാണെന്ന് ഓർത്തുനോക്കട്ടെ. തങ്ങളുടെ ആരോഗ്യവും ഒഴിവുസമയവും മതത്തിനു വേണ്ടി മാറ്റിവെച്ചവർ 'സജീവ പ്രവർത്തകർ' എന്ന സൽപേര് ലഭിക്കാൻ വേണ്ടിയാണോ പ്രവർത്തിച്ചത് എന്ന് ചിന്തിക്കണം. ആലോചിക്കുക, സ്വയം വിലയിരുത്തുക. പരലോക വിജയം നഷ്ടപ്പെടാതിരിക്കാൻ ബുദ്ധിപൂർവം ജീവിക്കുക.

(പ്രമുഖനായ ഒരു പണ്ഡിതന്റെ ലേഖനത്തെ അവലംബിച്ച് എഴുതിയതാണ് ഈ ചെറുകുറിപ്പ്. അല്ലാഹു അദ്ദേഹത്തിന് അർഹമായ പ്രതിഫലം നൽകട്ടെ). ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുലുക്വ്മാൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 31

يَا بُنَيَّ أَقِمِ الصَّلَاةَ وَأْمُرْ بِالْمَعْرُوفِ وَانْهَ عَنِ الْمُنكَرِ وَاصْبِرْ عَلَىٰ مَا أَصَابَكَ ۖ إِنَّ ذَٰلِكَ مِنْ عَزْمِ الْأُمُورِ ﴿١٧﴾

وَلَا تُصَعِّرْ خَدَّكَ لِلنَّاسِ وَلَا تَمْشِ فِي الْأَرْضِ مَرَحًا ۖ إِنَّ اللَّهَ لَا يُحِبُّ كُلَّ مُخْتَالٍ فَخُورٍ ﴿١٨﴾

وَاقْصِدْ فِي مَشْيِكَ وَاغْضُضْ مِن صَوْتِكَ ۚ إِنَّ أَنكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ ﴿١٩﴾

أَلَمْ تَرَوْا أَنَّ اللَّهَ سَخَّرَ لَكُم مَّا فِي السَّمَاوَاتِ وَمَا فِي الْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُ ظَاهِرَةً وَبَاطِنَةً ۗ وَمِنَ النَّاسِ مَن يُجَادِلُ فِي اللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَابٍ مُّنِيرٍ ﴿٢٠﴾

وَإِذَا قِيلَ لَهُمُ اتَّبِعُوا مَا أَنزَلَ اللَّهُ قَالُوا بَلْ نَتَّبِعُ مَا وَجَدْنَا عَلَيْهِ آبَاءَنَا ۚ أَوَلَوْ كَانَ الشَّيْطَانُ يَدْعُوهُمْ إِلَىٰ عَذَابِ السَّعِيرِ ﴿٢١﴾

17. എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്.

18. നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്. ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്. ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല.

19. നിന്റെ നടത്തത്തിൽ നീ മിതത്വം പാലിക്കുക. നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക. തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ.

20. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു എന്ന് നിങ്ങൾ കണ്ടില്ലേ? പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. വല്ല അറിവോ മാർഗദർശനമോ വെളിച്ചം നൽകുന്ന വേദഗ്രന്ഥമോ ഇല്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്ന ചിലർ മനുഷ്യരിലുണ്ട്.

21. അല്ലാഹു അവതരിപ്പിച്ചതിനെ നിങ്ങൾ പിന്തുടരൂ എന്ന് അവരോട് പറയപ്പെട്ടാൽ, അല്ല, ഞങ്ങളുടെ പിതാക്കൾ എന്തൊന്നിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിന്തുടരുക എന്നായിരിക്കും അവർ പറയുക. പിശാച് ജ്വലിക്കുന്ന നരകശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും (അവരതിനെ പിന്തുടരുകയോ?)

17) (എന്റെ കുഞ്ഞുമകനേ, നീ നമസ്കാരം മുറപോലെ നിർവഹിക്കുക) നമസ്കാരത്തിന് അവനെ പ്രോത്സാഹിപ്പിക്കുകയാണ് ഈ വചനത്തിലൂടെ. കാരണം അത് ശാരീരിക ആരാധനകളിൽ ഏറ്റവും വലുതാണ്. (സദാചാരം കൽപിക്കുകയും ദുരാചാരങ്ങളിൽനിന്ന് വിലക്കുകയും ചെയ്യുക) ഒരാൾക്ക് ശരിയെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്. ആകയാൽ നന്മ കൽപിക്കുകയും ചെയ്യണം. തെറ്റിനെക്കുറിച്ചുള്ള അറിവും ഉണ്ടായിരിക്കണം. അതു വിലക്കുകയും വേണം. ക്ഷമയോടെയും സൗമ്യതയോടെയുമാണ് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യേണ്ടത്. അത് അല്ലാഹു വ്യക്തമാക്കുന്നുണ്ട്.

(നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക) നന്മ കൽപിക്കുന്നവനും തിന്മ വിരോധിക്കുന്നവനുമായാൽ അവൻ പരീക്ഷിക്കപ്പെടും. നന്മ കൽപിക്കുന്നതിലും തിന്മ വിരോധിക്കുന്നതിലും ആളുകൾക്ക് പ്രയാസമുണ്ടാകും. അതുകൊണ്ടാണ് ക്ഷമിക്കാൻ കൽപിച്ചത്. (തീർച്ചയായും അത്) അതായത് ലുക്മാൻ മകനോട് കൽപിച്ചത്. (ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ) ദൃഢനിശ്ചയം വേണ്ട കാര്യങ്ങൾ; പ്രാധാന്യം നൽകേണ്ടതും. മനശ്ശക്തിയുള്ളവർക്കേ അതിന് കഴിയൂ.

18) (അഹങ്കാരത്തോടെ മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ച് കളയരുത്) ആളുകളോട് അഹങ്കാരത്തോടെ നെറ്റി ചുളിക്കരുത് എന്നർഥം. അവരെ നിന്ദിക്കരുത്. (ഭൂമിയിലൂടെ നീ പൊങ്ങച്ചം കാട്ടി നടക്കുകയും അരുത്) ലഭിച്ച അനുഗ്രഹത്തിൽ അഹങ്കരിച്ച്. അനുഗ്രഹം തന്നവനെ വിസ്മരിക്കുംവിധം തന്നെക്കുറിച്ചുള്ള അമിതമായ മതിപ്പോടെ നീ നടക്കരുത്. (ദുരഭിമാനിയായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല) മനസ്സിലും രൂപത്തിലും മഹത്ത്വം നടിക്കുകയും ചെയ്യുന്ന (പൊങ്ങച്ചക്കാരനെയും).

19) (നിന്റെ നടത്തത്തിൽ നീ പൊങ്ങച്ചം കാണിക്കരുത്) വിനയത്തോടെയും താഴ്മയോടെയും നടക്കുക. അഹങ്കരിക്കുന്നവിധത്തിലോ ദുർബലനായും കഴിവില്ലാത്തവിധത്തിലുമല്ല. (നിന്റെ ശബ്ദം നീ ഒതുക്കുകയും ചെയ്യുക) അല്ലാഹുവോടും ജനങ്ങളോടുമുള്ള മര്യാദകൾ പാലിച്ചുകൊണ്ട്. (ശബ്ദത്തിന്റെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത്) ഏറ്റവും മോശമായത് (കഴുതയുടെ ശബ്ദമത്രെ).

ശബ്ദം ഉയർത്തുന്നതിൽ എന്തെങ്കിലും നന്മയോ ഗുണമോ ഉണ്ടെങ്കിൽ കഴുതയെ പ്രത്യേകം എടുത്തു പറയില്ലായിരുന്നു. ലുക്മാൻ തന്റെ മകന് നൽകിയ ഈ ഉപദേശം തത്ത്വജ്ഞാനത്തിന്റെ അടിസ്ഥാന കാര്യങ്ങളെ പരാമർശിക്കുന്നു. ഓരോ നിർദേശവും പാലിക്കാനും വിരോധങ്ങൾ ഉപേക്ഷിക്കാനും പ്രേരിപ്പിക്കുന്നവിധം അതിന്റെ കാരണങ്ങൾ കൂടി ചേർത്താണ് പറഞ്ഞിരിക്കുന്നത്. 'ഹിക്മത്ത്' എന്ന വാക്കിന്റെ വ്യാഖ്യാനത്തിൽ നേരത്തെ അത് സൂചിപ്പിച്ചിട്ടുണ്ട്. തത്ത്വജ്ഞാനം എന്നത് വിധികളെക്കുറിച്ചും അതിന്റെ യുക്തിയെക്കുറിച്ചും അതിന്റെ കാരണങ്ങളെക്കുറിച്ചുമുള്ള ശരിയായ അറിവാണ്.

ലുക്മാൻ തന്റെ മകനോട് മതത്തിന്റെ അടിസ്ഥാനമായ അല്ലാഹുവിന്റെ ഏകത്വത്തെക്കുറിച്ച് പറയുന്നു. ശിർക്കിനെ വിരോധിക്കുകയും ചെയ്യുന്നു. അത് ഉപേക്ഷിക്കേണ്ടതിന്റെ അനിവാര്യതയും പറയുന്നു. മാതാപിതാക്കൾക്ക് നന്മ ചെയ്യാനും കൽപിക്കുന്നു. അവർക്ക് പുണ്യം ചെയ്യേണ്ടത് എന്തുകൊണ്ട് എന്ന് വിശദീകരിക്കുന്നുണ്ട്. അല്ലാഹുവിനും അവർക്ക് രണ്ടു പേർക്കും നന്ദി ചെയ്യാനും നിർദേശിക്കുന്നു. തുടർന്ന് അവരെ ബഹുമാനിക്കാനും അവരുടെ നിർദേശങ്ങൾ പാലിക്കാനും അവരെ വിഷമിപ്പിക്കാതിരിക്കാനും പാപം ചെയ്യാൻ കൽപിക്കാത്തിടത്തോളം മാത്രമെ അനുസരണയുള്ളൂ എന്നും എടുത്ത് പറയുന്നു. അല്ലാഹുവിൽ പങ്കുചേർക്കാൻ നിർബന്ധിച്ചാൽ അനുസരിക്കേണ്ടതില്ലെന്നും അവരോട് നല്ല നിലയിൽ പെരുമാറാനും കൽപിക്കുന്നു.

അല്ലാഹു എപ്പോഴും നിരീക്ഷിക്കുന്നുണ്ടെന്ന് ഓർക്കാനും ഓർമപ്പെടുത്തി. അവന്റെ മുമ്പിൽ നിൽക്കേണ്ട സന്ദർഭം ഓർമിപ്പിച്ചു. കാരണം ചെറുതോ വലുതോ നല്ലതോ ചീത്തയോ ആയ ഒരു കാര്യവും അവനറിയാതെ പോകില്ല. അതിനെ അവൻ കൊണ്ടുവരും.

മകൻ അഹങ്കാരിയാകുന്നതിനെ വിലക്കുകയും താഴ്മയുള്ളവനായിരിക്കാൻ ഉപദേശിക്കുകയും ചെയ്തു. നടക്കുന്നതിലും സംസാരിക്കുന്നതിലും വിനയം കാണിക്കാൻ നിർദേശിച്ചു. അതിന് വിപരീതം പ്രവർത്തിക്കുന്നത് വിലക്കി. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനും നമസ്കാരം നിലനിർത്താനും എല്ലാ കാര്യവും എളുപ്പമാക്കിത്തരുന്ന ക്ഷമ കൈക്കൊള്ളാനും പറഞ്ഞു.

وَاسْتَعِينُوا بِالصَّبْرِ وَالصَّلَاةِ

“നമസ്കാരംകൊണ്ടും ക്ഷമകൊണ്ടും സഹായം തേടുക” (അൽബകറ 45).

ഈ നിർദേശങ്ങൾ നൽകിയ വ്യക്തി വിജ്ഞാനത്താൽ അനുഗൃഹീതനായ ഒരു മനുഷ്യനായിരിക്കണം എന്നതിൽ സംശയമില്ല. അതിനാൽ, അല്ലാഹു അദ്ദേഹത്തിനും അവന്റെ അടിമകൾക്കും നൽകുന്ന അനുഗ്രഹങ്ങളിൽ ഒന്ന് അവർക്ക് നല്ല മാതൃക ലഭിക്കുന്ന അറിവുകൾ വിശദീകരിച്ചു നൽകുന്നു എന്നതുതന്നെയാണ്.

(20, 21) അല്ലാഹു തന്റെ ദാസന്മാർക്ക് ചെയ്തുകൊടുത്ത അനുഗ്രഹമാണ് ഇവിടെ പറയുന്നത്. അതിന് നന്ദി ചെയ്യാനും അശ്രദ്ധരാവാതിരിക്കാനും ഉപദേശിക്കുന്നു. (നിങ്ങൾ കണ്ടില്ലേ?) നിങ്ങൾ സാക്ഷ്യം വഹിക്കുകയും ഹൃദയം കൊണ്ടും കണ്ണുകൾ കൊണ്ടും കാണുകയും ചെയ്യുക. (ആകാശങ്ങളിലുള്ളതിനെ അവൻ നിങ്ങൾക്ക് കീഴ്പ്പെടുത്തി തന്നു). സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ...എല്ലാം മനുഷ്യന് ഉപകാരപ്പെടുന്നവിധം സംവിധാനിച്ചു. (ഭൂമിയിലുള്ളതും) മൃഗങ്ങളും മരങ്ങളും കൃഷികളും നദികളും ഖനികളുമെല്ലാം.

هُوَ الَّذِى خَلَقَ لَكُم مَّا فِى الْأَرْضِ

“ഭൂമിയിലുള്ളതെല്ലാം നിങ്ങൾക്ക് വേണ്ടി അവൻ സൃഷ്ടിച്ചു” (അൽബഖറ 9).

(നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു) ദൃശ്യവും അദൃശ്യവുമായ അനുഗ്രഹങ്ങൾ. നമുക്ക് അറിയാവുന്നതും അറിയാത്തതും ലൗകികവും ആത്മീയവുമായ അനുഗ്രഹങ്ങൾ. ഉപദ്രവങ്ങളെ തടുക്കുന്നതും ഉപകാരങ്ങൾ നേടിത്തരുന്നതുമായത്. അതിനാൽ ഈ അനുഗ്രഹങ്ങൾക്ക് നന്ദി ചെയ്യുക എന്നതാണ് നിങ്ങളുടെ ജോലി. അനുഗ്രഹം തന്നവനെ സ്നേഹിക്കുകയും അവന് കീഴ്പ്പെടുകയും അതിന് അവനോടുതന്നെ സഹായം ചോദിക്കുകയും ചെയ്യുക. അതിനെയൊന്നും അവനോട് അനുസരണക്കേട് കാണിക്കാൻ ഉപയോഗിക്കാതിരിക്കുക.

ഈ അനുഗ്രഹങ്ങൾ തുടർച്ചയായി വന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും (ജനങ്ങളിലുണ്ട്) ജനങ്ങളിൽ അവന് നന്ദികാണിക്കാത്ത ചിലരുണ്ട്. അവർ നന്ദികേട് കാണിക്കുന്നു; അനുഗ്രഹങ്ങൾ തന്നവനോട്. അവനിൽ അവർ അവിശ്വസിക്കുകയും ചെയ്യുന്നു. അവൻ തന്റെ ഗ്രന്ഥങ്ങളിൽ അവതരിപ്പിച്ചതും ദൂതന്മാർക്കിറക്കിയതും അവർ നിഷേധിക്കുന്നു.

(അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചു കൊണ്ടിരിക്കുന്നു) അസത്യത്തിന് വേണ്ടി വാദിക്കുന്നു. സത്യത്തെ തുരങ്കം വെക്കാൻ ശ്രമിക്കുന്നു. അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന റസൂലിന്റെ സന്ദേശത്തെ അവർ നിരസിക്കുന്നു. ഇവൻ തർക്കിക്കുന്നത്; (അറിവില്ലാതെ) യാതൊരു ഉൾക്കാഴ്ചയുമില്ലാതെ. അവൻ അറിഞ്ഞാലും തർക്കിക്കുന്നത് (മാർഗദർശനമോ) സൻമാർഗികൾക്ക് പിൻപറ്റാവുന്ന, (വെളിച്ചം നൽകുന്ന ഗ്രന്ഥമോ) സത്യത്തിലേക്ക് വെളിച്ചം നൽകുന്ന വ്യക്തമായ വാചകങ്ങളില്ലാതെ. ബുദ്ധിപരതയോ പ്രാമാണികതയോ സൻമാർഗികളുടെ മാതൃകയോ അവയ്ക്കില്ല. അല്ലാഹുവിന്റെ കാര്യത്തിൽ അവർ നടത്തുന്ന തർക്കത്തിന്റെ അടിസ്ഥാനം സൻമാർഗികളല്ലാത്ത അവരുടെ പിതാക്കന്മാരുടെ അന്ധമായ അനുകരണങ്ങൾ മാത്രമാണ്; പിഴച്ചവരും പിഴപ്പിക്കുന്നവരുമായ.

അതാണ് അല്ലാഹു പറഞ്ഞത്: (അല്ലാഹു അവതരിപ്പിച്ചതിനെ നിങ്ങൾ പിന്തുടരൂ എന്ന് അവരോട് പറയപ്പെട്ടാൽ) പ്രവാചകന്മാരിലൂടെ അവതരിക്കപ്പെട്ടത്. അത് സത്യമാണ്. വ്യക്തമായ തെളിവ് അവരുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുകയും ചെയ്യുന്നു. (അവർ പറയും:) അതിനെ എതിർത്തുകൊണ്ട് (അല്ല, ഞങ്ങളുടെ പിതാക്കൾ ഏതൊന്നിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിന്തുടരുന്നത്) ഞങ്ങളുടെ പൂർവികർ പിന്തുടരുന്നതായി ഞങ്ങൾ കണ്ടെത്തിയതിനെ ആരുടെയെങ്കിലും വാക്കുകൾക്ക് വേണ്ടി ഞങ്ങൾ ഉപേക്ഷിക്കുകയില്ല. അവരെയും അവരുടെ പിതാക്കളെയും ഖണ്ഡിച്ചുകൊണ്ട് അല്ലാഹു പറയുന്നു: (ജ്വലിക്കുന്ന നരകശിക്ഷയിലേക്കാണ് അവരെ ക്ഷണിക്കുന്നതെങ്കിൽ പോലും) അവർ അതിനെ പിന്തുടരുമോ? അവരുടെ പിതാക്കൾ പിശാചിനെ അനുസരിച്ചു. അവന്റെ പിന്നിൽ നടന്നു. അവന്റെ ശിഷ്യന്മാരായി. അങ്ങനെ അവർ ആശയക്കുഴപ്പത്തിലായി. പൂർവികരെ പിൻപറ്റണമെന്നും അവരുടെ പാതയിൽ നടക്കണമെന്നും വല്ല നിർബന്ധവുമുണ്ടോ? അവരുടെ മാർഗം പിന്തുടരാൻ വല്ല ഭീഷണിയുമുണ്ടോ? അതല്ല, അവരെയും അവരെ പിൻപറ്റിയവരെയും വഴിപിഴപ്പിക്കാനാണോ അവൻ വിളിക്കുന്നത്? അവരുടെ പിതാക്കളെ പിശാച് വിളിച്ചത് അവരോടുള്ള സ്നേഹം കൊണ്ടല്ല. അതവരോടുള്ള ശത്രുതയും കുതന്ത്രവുമാണ്. യഥാർഥത്തിൽ അവനെ പിൻപറ്റിയതല്ല, അവന്റെ ശത്രുക്കൾ കീഴ്പെട്ടവരാണ്. അവൻ അവരുടെ കാര്യത്തിൽ വിജയിച്ചു. അവന്റെ ക്ഷണം സ്വീകരിച്ച് നരകാവകാശികളായതിൽ അവൻ ഏറെ സന്തോഷിച്ചു. ■

കുഞ്ഞിമുഹമ്മദ്. കെ
നെല്ലിക്കാപറമ്പ്



# നല്ലവരാകാം

നല്ലത് നാം കാണണം
നല്ലത് നാം കേൾക്കണം
നന്മകൾ നാം ചെയ്യണം
തിന്മകൾ വെടിയണം
നല്ല വാക്കു പറയണം
ചീത്ത വാക്ക് വെടിയണം
വിനയം നമ്മൾ കാട്ടണം
വിവരമുള്ളോരാകണം
സത്യം നമ്മൾ പറയണം
സത്യമാർഗം പുൽകണം
ഉമ്മ ഉപ്പമാരെ നമ്മൾ
ഏറെയാദരിക്കണം
വൃത്തിയിൽ നടക്കണം
വകതിരിവു കാട്ടണം
മാന്യരായി മാറണം
മനസ്സു നന്നാക്കീടണം

■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# GREEN HOME
## RESIDENTIAL CAMPUS
### FOR BOYS AND GIRLS

# REGISTRATION OPEN
## FOR GRADE 5-9






### SPECIALITIES

- Affiliated to CBSE Board of Education, New Delhi
- Seasoned & Experienced Faculty
- Curriculum Enriched with Belief System, Islamic Studies, Ethics and Morals
- Memorization of a Prescribed Portion of the Holy Qur'an with Thajweed Rules
- Communicative English and Academic Support with Subject Faculties
- Counselling Facility for Socio-Emotional Well Being
- Healthy and Nutritious Menu
- Sports and Fitness Facilities
- Computer lab for Learning Enhancement

**CONTACT : +91 9061 746 600**
**+91 9061 716 600**

greenvalleycampus

**GREEN VALLEY**
**PUBLIC SCHOOL**
greenvalleycampus

*Green Valley Campus*
*Nellikkaparamba, Mukkam, Kozhikode*
*Kerala, Pin: 673602*
*Tel: 0495-220 8770, Mob: 9061716600*
*E-Mail: info@greenvalleycampus.com*
*Web: www.greenvalleycampus.com*

*For Registration*
*Scan QR Code*

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
10 May 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

